# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം : 181

01-07-2008-ലെ മറുപടിക്ക്

## വൈദ്യുതി മോഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സാജുപോൾ, എം. എൽ. എ.<br>ശ്രീ. സി. എം.ദിനേശ്മണി, എം. എൽ. എ.<br>ശ്രീ. കെ. കെ. ദിവാകരൻ, എം. എൽ. എ.<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം. എൽ. എ.<br>ശ്രീ. പി.ടി.എ. റഹീം, എം. എൽ. എ. | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പുമന്ത്രി ) |
| എ. വൈദ്യുതി മോഷണവും ക്രമക്കേടുകളും കണ്ടുപിടിക്കുന്നതിന് വൈദ്യുതി ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | എ. വൈദ്യുതി മോഷണവും ക്രമക്കേടുകളും കണ്ടുപിടിക്കുന്നതിന് കെ. എസ്. ഇ. ബി. യിൽ ഒരു ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിന്റെ മേൽ നോട്ടത്തിൽ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് പ്രവർത്തിച്ചു വരുന്നു. സാങ്കേതിക വൈദഗ്ധ്യം നേടിയ എഞ്ചിനീയർമാരും പോലീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന ഈ സ്ക്വാഡുകൾ നിരന്തരം കേരളത്തിലെ എല്ലാ ഭാഗങ്ങളിലും പരിശോധനകൾ നടത്തുന്നു. പരിശോധന സംഘത്തിന് ആവശ്യമായ വാഹനങ്ങൾ മീറ്റർ റീഡിംഗ് ഇൻസ്ട്രുമെന്റ് മീറ്ററുകളുടെ പ്രവർത്തനം പരിശോധിക്കാനുള്ള അക്യുചെക്ക്, ലാപ്ടോപ് കമ്പ്യൂട്ടർ തുടങ്ങിയ ഉപകരണങ്ങൾ ഇവർക്ക് നൽകിയിട്ടുണ്ട്.<br>വൈദ്യുതി മോഷണം തടയുന്നതിനായി പുതിയ കണക്ഷനുകളിൽ ടാംപർ പ്രൂഫ് സ്റ്റാറ്റിക് മീറ്ററുകൾ ആണ് സ്ഥാപിക്കുന്നത്. പഴയ മെക്കാനിക്കൽ മീറ്ററുകൾ ഘട്ടം ഘട്ടമായി മാറ്റി സ്ഥാപിച്ചു വരുകയുമാണ്. മീറ്ററുകളുടെ സീലിംഗ് നടത്താനായി സെക്ഷൻ ഓഫീസുകളിൽ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഹൈടെൻഷൻ ഉപഭോക്താക്കൾക്ക് ചെക്ക് മീറ്റേഴ്സ് സ്ഥാപിച്ചു വരുന്നുണ്ട്. ഇവയുടെ റീഡിംഗിലുണ്ടാകുന്ന അസാധാരണ വ്യത്യാസം മനസ്സിലാക്കി മോഷണശ്രമം നടക്കുന്നുണ്ടോ എന്ന് തിട്ടപ്പെടുത്താവുന്നതാണ്. ഇതിനു പുറമേ പാലക്കാട്ടെ കഞ്ചിക്കോട് ഇൻഡസ്ട്രിയൽ യൂണിറ്റിലേയ്ക്ക് മാത്രമായി ഹൈടെൻഷൻ മീറ്റർ ടെസ്റ്റിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്.<br>ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന് പുറമേ സെക്ഷനുകളിലെ മീറ്റർ റീഡർ, സബ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ അവരുടെ കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി നടത്തുന്ന പരിശോധനകളും അവയ്ക്ക് പുറമേ ഡിവിഷൻ തലത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് പ്രത്യേക പരിശോധനകളും നടത്തിവരുന്നുണ്ട്.<br>രാത്രി കാലങ്ങളിൽ മിന്നൽ പരിശോധനകളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. വൈദ്യുതി മോഷണം കണ്ടുപിടിച്ചാൽ അവയ്ക്ക് നിയമാനുസൃതമായ പിഴ ഈടാക്കുകയും ചെയ്തു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| ബി. | കഴിഞ്ഞ വർഷം ആൻറി പവർ തെഫ്റ്റ് സ്ക്വാഡ് എത്ര വൈദ്യുതി മോഷണങ്ങളും ക്രമക്കേടുകളും കണ്ടെത്തിയിട്ടുണ്ട് ; | ബി. | കഴിഞ്ഞ വർഷം ആൻറി പവർ തെഫ്റ്റ് സ്ക്വാഡ് 1144 വൈദ്യുതി മോഷണവും 1441 ദുരുപയോഗവും 764 ഷോർട്ട് അസസ്മെൻറ് കേസുകളും 163 കേടായ മീറ്റർ കേസുകളുമായി ആകെ 3512 കേസുകൾ കണ്ടെത്തിയിട്ടുണ്ട്. |
| സി. | വൈദ്യുതി മോഷണം മൂലം കഴിഞ്ഞ വർഷം ബോർഡിന് എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട് ; | സി. | കഴിഞ്ഞ വർഷം കണ്ടെത്തിയതിൽ മോഷണം മൂലം ബോർഡിനുണ്ടായ നഷ്ടം 17, 92, 60, 428 രൂപയുടേതാണ്. |
| ഡി. | ആൻറി പവർ തെഫ്റ്റ് സ്ക്വാഡിൻെറ ഘടന എങ്ങനെയാണ്; സ്ക്വാഡിൻെറ പ്രവർത്തനം വ്യാപിപ്പിക്കാനും ശക്തിപ്പെടുത്താനും നടപടി സ്വീകരിക്കുമോ ? | ഡി. | ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിൻെറ മേൽനോട്ടത്തിൽ വൈദ്യുതി മോഷണവും മറ്റ് ക്രമക്കേടുകളും തടയുന്നതിന് കെ. എസ്. ഇ. ബി. യിൽ പ്രവർത്തിക്കുന്ന വിഭാഗമാണ് ആൻറി പവർ തെഫ്റ്റ് സ്ക്വാഡ്. മൂന്നു മേഖലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയരുടെ കീഴിലായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കേന്ദ്രമാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ നിയന്ത്രണത്തിൽ മൂന്നു എ. പി. റ്റി. എസ്. റീജണൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഇതിനു കീഴിലായി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും അസിസ്റ്റൻറ് എഞ്ചിനീയർമാരും ചേർന്ന പതിനൊന്ന് സക്വാഡുകൾ പ്രവർത്തിച്ചു വരുന്നു. എഞ്ചിനീയർമാരും, പോലീസ് ഉദ്യോഗസ്ഥരും അടങ്ങിയ ഈ സ്ക്വാഡുകൾക്ക് വാഹനങ്ങളും അത്യാന്താധുനിക ഉപകരണങ്ങളും നൽകിയിട്ടുണ്ട്. ഈ സ്ക്വാഡുകളുടെ പരിശോധന പകലും രാത്രിയിലും തുടർച്ചയായി സംസ്ഥാനത്തിൻെറ എല്ലാ ഭാഗങ്ങളിലും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ.

— — —.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 182</u> <u>01.07.2008-ലെ മറുപടിക്ക്</u>

# ബാർ ലൈസൻസുള്ള ക്ലബ്ബുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.രാജു<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>ശ്രീ.ബാബു പോൾ<br>ശ്രീമതി.ഇ.എസ്.ബിജി മോൾ | ശ്രീ.പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന ക്ലബ്ബുകൾക്ക് ബാർ ലൈസൻസ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം; എവിടെയെല്ലാം; | (എ) ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ക്ലബ്ബുകൾക്ക് ബാർ ലൈസൻസ് നൽകിയിട്ടുണ്ട്. എവിടെയെല്ലാം എത്രയെണ്ണം എന്നുള്ള വിവരം ചുവടെ ചേർത്തു കൊള്ളുന്നു. |

| | |
|---|---|
| തിരുവനന്തപുരം | - 5 |
| കൊല്ലം | - 1 |
| പത്തനംതിട്ട | - 1 |
| ആലപ്പുഴ | - 1 |
| എറണാകുളം | - 7 |
| തൃശ്ശൂർ | - 3 |
| പാലക്കാട് | - 2 |
| ആകെ | - 20 |

| ചോദ്യം | ഉത്തരം |
|---|---|
| (ബി) ഇത്തരത്തിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകൾക്ക് ബാർ പ്രവർത്തിപ്പിക്കുന്നതിന് അധികാരമുണ്ടോ; ഇല്ലെങ്കിൽ വ്യക്തികളുടെ പേരിലാണോ ചാരിറ്റബിൾ സൊസൈറ്റികളുടെ പേരിലാണോ ലൈസൻസ് നേടിയെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) വിദേശമദ്യ ചട്ടങ്ങളിലെ ചട്ടം 13 (4 എ) പ്രകാരം മദ്യ വ്യാപാരത്തിന് വിധേയമായി സൊസൈറ്റിയായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ക്ലബ്ബുകൾക്ക് ക്ലബ്ബ് ലൈസൻസ് (FL 4 A) നല്കാവുന്നതാണ്. അതിൻ പ്രകാരം ചാരിറ്റബിൾ സൊസൈറ്റീസ് ആക്ടിൻ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട ക്ലബ്ബുകൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ക്ലബ്ബിനെ പ്രതിനിധാനം ചെയ്യുന്ന ക്ലബ്ബ് ഭാരവാഹികളുടെ പേരിലാണ് ലൈസൻസ് അനുവദിക്കുന്നത്. |
| (സി) | ഇത്തരം ക്ലബ്ബുകളിലെ ബാർ ലൈസൻസുകൾ റദ്ദുചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ? | (സി) | നിലവിലുള്ള നിയമപ്രകാരമാണ് ക്ലബ്ബ് ലൈസൻസ് നല്കിയിട്ടുള്ളത്. മതിയായ കാരണങ്ങളില്ലാതെ അവ റദ്ദു ചെയ്യാനാവില്ല. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 183 | 01-07-08 ൽ മറുപടിക്ക്

## ജില്ലാ ടൂറിസം കൗൺസിലുകളുടെ പ്രവർത്തന രീതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.അബ്ദുറബ്ബ്<br>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി | ശ്രീ കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ പ്രവർത്തന രീതിയും ഘടനയും വ്യക്തമാക്കുമോ; | (എ) 1965-ലെ തിരുവിതാംകൂർ കൊച്ചി സാഹിത്യധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് പ്രകാരം 1988-ൽ നിലവിൽ വരികയും തദനുസരണം പ്രവർത്തിക്കുന്ന സ്ഥാപനമാണ് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ. ജില്ലാ തലത്തിലുള്ള വിവിധ ടൂറിസം പദ്ധതികൾ നിർവഹിക്കൽ, ടൂറിസം ക്ലബ്ബുകളുടെ രൂപീകരണം, ടൂറിസം ബോധവൽക്കരണ പ്രവർത്തനം, ഹോംസ്റ്റേ സംവിധാനത്തിന്റെ ഏകോപനം, ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന ടൂറിസം പദ്ധതികളുടെ മോണിറ്ററിംഗിന് സഹായി ഏജൻസികളായി പ്രവർത്തിക്കുക, ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്ന എല്ലാ ഏജൻസികളുമായി നിരന്തര സമ്പർക്കം പുലർത്തുക, ജില്ലാതലത്തിൽ സ്വകാര്യ ടൂറിസം സംരംഭകരുമായി ബന്ധം പുലർത്തുക, ജില്ലയുടെ ടൂറിസം വികസനത്തിനായി സ്വകാര്യമേഖലയുടെ പങ്കാളിത്തം ഉറപ്പാക്കുക. എന്നിവയാണ് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ മുഖ്യ പ്രവർത്തനങ്ങൾ. |

| | | |
|---|---|---|
| | | ജില്ലാ കളക്ടർ ചെയർമാനായുള്ള ഗവേണിംഗ് ബോഡിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും ചേർന്നതാണ് ഡി.ടി.പി.സി കളുടെ ഘടന. ഗവേണിംഗ് ബോഡിയിലും എക്സിക്യൂട്ടീവ് കമ്മറ്റിയിലും എം.എൽ.എ/ എം.പിമാരുൾപ്പെടെ ജനപ്രതിനിധികൾ, വിവിധ സർക്കാർ വകുപ്പുകളുടെ പ്രതിനിധികൾ, ടൂറിസം രംഗത്തെ പ്രമുഖ വ്യക്തികളും സ്ഥാപനങ്ങളുടെ പ്രതിനിധികളും ഉൾപ്പെടുന്നു. |
| (ബി) | ഇതിന്റെ ഘടനയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (ബി) ഘടനയിൽ മാറ്റം വരുത്തുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. |
| (സി) | വിനോദസഞ്ചാരികൾക്ക് ഗുണ പ്രദമാകുന്ന രീതിയിൽ വിനോദ സഞ്ചാര വികസന രംഗത്ത് എന്തൊക്കെ മാറ്റങ്ങൾ വരുത്താനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) വിനോദസഞ്ചാരികൾക്ക് ഗുണപ്രദമാകുന്ന രീതിയിൽ വിനോദ സഞ്ചാര വികസനത്തിനായി വിവിധങ്ങളായ നൂതന പദ്ധതികൾ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

## അനുബന്ധം

- കേരളത്തിൽ ഏ താണ്ട് 40000 മുറികളുടെ അഭാവം നിലനിൽക്കുന്നു. ഇതിന് പരിഹാരമെന്നോണം 2000 മുറികൾ ഉണ്ടാക്കുന്നതിനു വേണ്ടിയുള്ള ഹോട്ടലുകൾ നിലവിൽ വരുത്തുന്നതാണ്.
- അടിസ്ഥാന സൗകര്യ വികസനം ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിന്റേയും സംസ്ഥാന സർക്കാരിന്റേയും സഹായത്തോടു കൂടി വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കും.
- കുറഞ്ഞത് പത്തേക്കർ കൃഷി ഭൂമിയോ, 50 ഏക്കർ പ്ലാന്റേഷനോ ഉള്ളവർക്ക് ടൂറിസം വകുപ്പിന്റെ ഫാം ടൂറിസം പദ്ധതിയിൽ പങ്കാളികളാക്കുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കും.
- എന്റെ ഗ്രാമം ടൂറിസം സൗഹൃദഗ്രാമം എന്ന പദ്ധതിപ്രകാരം തയ്യാറാക്കുന്ന പ്രോജക്ടുകൾ ജനകീയ തലത്തിൽ നിന്നുതന്നെ എത്തിക്കാൻ ശ്രമിക്കും.
- ഈ വർഷം ചുരുങ്ങിയത് 80 സുവനീറുകൾ ഇറക്കുന്നതാണ്.
- മൂന്നാറിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കൽ പൂർത്തീകരിക്കും.
- മുഴപ്പിലങ്ങാട്, വയനാട്, കുമരകം, കുമിളി, കോവളം, എന്നിവിടങ്ങളെകുറിച്ച് മാസ്റ്റർപ്ലാൻ തയ്യാറാക്കും.
- ഈ വർഷം കണ്ണൂർ, സുൽത്താൻബത്തേരി, മൂന്നാർ, എന്നിവിടങ്ങളിൽ അഡീഷണൽ ഗസ്റ്റുഹൗസുകളുടെ നിർമ്മാണം ആരംഭിക്കും.
- സൂനാമി പദ്ധതിയിൽ നിലവിലുള്ള 21 പദ്ധതിക്കുപുറമെ പുതിയതായി 10 പദ്ധതികൾകൂടി നടപ്പിലാക്കും ബേക്കൽ, തലശ്ശേരി, വടകര,ചാവക്കാട്, വട്ടക്കായൽ, കോഴിക്കോട്, ചെറായി, തോട്ടപ്പള്ളി, ആലപ്പുഴ എന്നിവിടങ്ങളിലാണ് പുതിയ പദ്ധതികൾ.
- ചെന്നൈ, മറീന, മുഴപ്പിലങ്ങാട്, മുന്നാർ, പൊൻമുടി, എന്നിവിടങ്ങളിൽ ടൂറിസം വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കും.
- ടൂറിസം റിസോർട്ട്സ് കേരള ലിമിറ്റഡിന്റെ കീഴിൽ വേളി, എറണാകുളം, പീരുമേട്, നെല്ലിയാംപതി, തുടങ്ങിയ സ്ഥലങ്ങളിൽ സ്വകാര്യ പങ്കാളിത്വത്തോടെ പദ്ധതികൾ ആരംഭിക്കും.

ബേക്കലിൽ ഭരത് ഹോട്ടൽസിന്റെ റിസോർട്ട്സ് 2008 സെപ്തംബറിൽ ആരംഭിക്കും. അതിന്റെ തുടർച്ചയായി ഒരു വർഷം കൊണ്ട് മറ്റ് ഹോട്ടലുകളും നിലവിൽ വരും

- കിറ്റ്സിൽ പുതിയതായി MBA,Air Hostess Course - കൾ ആരംഭിക്കും ഇവിടെ ഒരു Board of Tourism Studies നിലവിൽ വരും

കിറ്റ്സിന്റെ സഹായത്തോടെ വളരുന്ന മേഖലകളായ ഹോംസ്റ്റേ, ഹൗസ് ബോട്ട്, ആയുർവേദ കേന്ദ്രങ്ങൾ എന്നിവയിലെ ജീവനക്കാർക്ക് പരിശീലനപരിപാടികൾ മേഖല അടിസ്ഥാനത്തിൽ ഏകോപിപ്പിക്കും. കൂടാതെ ഈ മേഖലയിലേക്ക് പുതുതായി കടന്നുവരുന്ന പ്രത്യേകിച്ച് മലബാർമേഖലയിലെ സംരഭകർക്ക് വ്യവസായവകുപ്പിന്റെ സഹായത്തോടെ ഒരു സംരംഭകത്വ പരിശീലന പരിപാടി ആവിഷ്കരിക്കും.

- കോഴിക്കോട്, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കും. ജൂലൈ മാസത്തിൽ ഇതിന്റെ കോഴ്സുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്
- ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കും
- ടൂറിസം മേഖലയിൽ നിലവിലുള്ള എല്ലാ സ്വകാര്യ സംരംഭങ്ങളെയും ഇൻഫർമേഷൻ ടെക്നോളജിയുടെ സഹായത്തോടെ ബന്ധിപ്പിച്ച് ഒരു ശൃംഖല നിലവിൽ കൊണ്ടുവരികയും ഇതു വഴി ഓൺ ലൈൻ വിപണന സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യും.
- പുതുതായി വളർന്നു വരേണ്ടുന്ന ഡെസ്റ്റിനേഷനുകളിലെ വികസനത്തിനുവേണ്ടി ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ രൂപീകരിക്കും.
- 2008 ഡിസംബറിൽ നടക്കുന്ന വോൾവോ ഓഷ്യൻ റെയ്സിൽ കേരളാ ടൂറിസം സജീവമായി പങ്കെടുക്കും.
- ഇക്കോ-ടൂറിസം വികസന പദ്ധതികൾ നടപ്പിലാക്കും.
- ഇപ്രാവാശ്യം കേരളാ ടൂറിസം മാർട്ടിൽ 50 -തിൽ പരം രാജ്യങ്ങളുടെ പങ്കാളിത്തമുണ്ടാവും. സെപ്തംബർ 21 മുതൽ കൊച്ചിയിലാണ് നടക്കുക.
- ഗ്രാന്റ് കേരളാ ഷോപ്പിംഗ് ഫെസ്റ്റിവൽ കൂടുതൽ വിപുലപ്പെടുത്തുന്നതിനായി അത് ട്രേഡ് അതോറിറ്റിയുടെ കീഴിൽ കൊണ്ടുവരുന്നതാണ്.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 184.</u>　　　　01/07/2008-ൽ മറുപടിക്ക്

## കുട്ടനാട് പാക്കേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ. പി. പത്മനാഭൻ<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. ബി. രാഘവൻ<br>ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. മുല്ലക്കര രത്നാകരൻ<br>( കൃഷി വകുപ്പു മന്ത്രി) |
| എ) 'കുട്ടനാട് പാക്കേജ്' നടപ്പാക്കുന്നതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ; | എ) കുട്ടനാടിന്റെ കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനായി ഡോ.സ്വാമിനാഥൻ കമ്മീഷൻ 1839.75 കോടി രൂപയ്ക്കുള്ള ഒരു പാക്കേജ് ശുപാർശ ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു കർമ്മ പദ്ധതി സംസ്ഥാന സർക്കാർ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന് കേന്ദ്രാനുമതി പ്രതീക്ഷിക്കുന്നു. |
| ബി) പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരമുണ്ടോ; | ബി) കുട്ടനാടിന്റെ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള വിവിധ പദ്ധതികൾ ഉൾക്കൊള്ളുന്നതും ജീവനമാർഗ്ഗം ഉറപ്പുവരുത്തുന്നതുമായ പദ്ധതികൾ ഉൾക്കൊള്ളുന്ന 1839.75 കോടി രൂപയ്ക്കുള്ള ഒരു സമഗ്ര പദ്ധതിയാണ് തയ്യാറാക്കിയിരിക്കുന്നത്. കുട്ടനാട് മേഖലയിലെ പരിസ്ഥിതി സംബന്ധിച്ച് 336.5 കോടി രൂപയുടെയും, കർഷകരുടെ ജീവനമാർഗ്ഗം ഉറപ്പുവരുത്തുന്നതിന് 1504.25 കോടി രൂപയുടെയും പദ്ധതികളാണ് ശുപാർശയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. സ്വാമിനാഥൻ കമ്മീഷന്റെ ശുപാർശകളിൻമേൽ ഒരു കർമ്മപദ്ധതി തയ്യാറാക്കി സംസ്ഥാനം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രാനുമതി ഇതുവരെ ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| സി) | പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക കർമ്മ പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; | സി) | ഉണ്ട്. |
| ഡി) | പദ്ധതി പ്രാവർത്തികമാക്കുന്നതിന് കേന്ദ്രത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തുമോ ? | ഡി) | പദ്ധതിക്ക് കേന്ദ്രാനുമതി ലഭിക്കുന്നതിന് എല്ലാ വിധത്തിലുള്ള സമ്മർദ്ദവും കേന്ദ്ര സർക്കാരിൽ നിരന്തരം ചെലുത്തി വരികയാണ്. |

[signature]

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| | | |
|---|---|---|
| എ) | പരിസ്ഥിതി സംരക്ഷണം മെച്ചപ്പെടുത്തൽ | കോടി രൂപ |
| 1 | ഓരു വെള്ളം കയറുന്നത് തടയുന്നതിനും, വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനും | 299.50 |
| 2. | പരിസ്ഥിതി മലിനീകരണ നിയന്ത്രണം | 2.50 |
| 3 | കള നിയന്ത്രണം | 30.00 |
| 4 | ജൈവ വൈവിദ്ധീകരണം ത്വരിതപ്പെടുത്തുക | 1.00 |
| 5 | ആരോഗ്യം ശുചിത്വം മെച്ചപ്പെടുത്തൽ | 2.50 |
| **ബി** | **ജീവനമാർഗ്ഗ സുരക്ഷിതത്വവും, മെച്ചപ്പെടുത്തലും.** | |
| 1. | <u>**കാർഷികാധിഷ്ഠിത ജീവനമാർഗ്ഗം.**</u> | |
| 1. | കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയായി പ്രഖ്യാപിക്കുക. | 15.00 |
| 2. | നെൽകൃഷിക്ക് അടിസ്ഥാന സൗകര്യം നൽകുക | 1315.60 |
| 3 | ക്രോപ്പ് കലണ്ടർ തയ്യാറാക്കുക. | 7.90 |
| 4. | ഗവേഷണവും, വിജ്ഞാന വ്യാപനവും ഊർജ്ജപ്പെടുത്തുക | 13.38 |
| 5 | കാർഷിക സാമ്പത്തിക സാധ്യത മെച്ചപ്പെടുത്തുക. | 55.85 |
| 6. | കേരാധിഷ്ടിത വ്യവസായ സംരംഭങ്ങളും, സംയോജിത വികസനവും. | 93.75 |
| 2. | <u>**മത്സ്യാധിഷ്ഠിത ജീവനമാർഗ്ഗം**</u> | |
| 1 | വേമ്പനാട് കായലിലെ മത്സ്യസമ്പത്തിന്റെ ഉന്നമനം. | 1.65 |
| **2.** | അടിസ്ഥാന സൗകര്യ വികസനവും മത്സ്യ തൊഴിലാളി ക്ഷേമവും. | 0.62 |
| **3** | <u>**ടൂറിസം വികസനത്തിനായുള്ള അടിസ്ഥാന സൗകര്യ വികസനം**</u> | 0.50 |
| | **ആകെ** | **1839.75** |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 185 01.07.2008ൽ മറുപടിക്ക്

ലോഡ് ഷെഡിംഗ്

| ചോദ്യം. ശ്രീ.കെ.ബാബു: പ്രൊഫ.കെ.വി. തോമസ് ശ്രീ. അടൂർ പ്രകാശ്: | | ഉത്തരം ശ്രീ.എ.കെ.ബാലൻ (പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഏതെങ്കിലും തരത്തിലുള്ള ലോഡ് ഷെഡിംഗ് നടപ്പിലാക്കുന്നുണ്ടോ; | (എ) | 27.06.08 മുതൽ വൈകുന്നേരം 6.30മുതൽ 10 വരെയുള്ള സമയത്ത് അരമണിക്കൂർ ലോഡ് ഷെഡ്ഡിംഗ് സംസ്ഥാന വ്യാപകമായി നടപ്പിലാക്കി വരുന്നു. |
| (ബി) | എങ്കിൽ ഇതുസംബന്ധിച്ച് വിശദവിവരം വെളിപ്പെടുത്തുമോ; | (ബി) | |
| (സി) | സംസ്ഥാനത്തെ അണക്കെട്ടുകളിൽ മൊത്തം സംഭരണ ശേഷിയുടെ എത്ര ശതമാനം ജലമാണ് ഇപ്പോഴുള്ളത്; | (സി) | 23.06.2008ലെ കണക്കനുസരിച്ച് മൊത്തം സംഭരണശേഷിയുടെ 16.17 ശതമാനം ജലമാണ് സംസ്ഥാനത്തെ അണക്കെട്ടുകളിൽ ഇപ്പോഴുള്ളത്. സംഭരണി തിരിച്ചുള്ള കണക്ക് അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ഡി) | കാലവർഷം ദുർബലാകുന്ന സാഹര്യത്തിൽ രൂക്ഷമാകുന്ന വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്താനുദ്ദേശിക്കുന്നു? | (ഡി) | വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടി ലോഡ് ഷെഡ്ഡിംഗ് നടപ്പിലാക്കിയതു കൂടാതെ ഡീസൽ താപനിലങ്ങളായ കെ.ഡി.പി.പി, ബി.ഡി.പി.പി., കെ.പി.സി.എൽ എന്നിവയിൽ നിന്നുമുള്ള വിലകൂടിയ വൈദ്യുതി ഉപയോഗിക്കുന്നുണ്ട്. കൂടാതെ പീക്ക് സമയത്ത് 100 മുതൽ 200 വരെ മെഗാവാട്ട് വൈദ്യുതി പഞ്ചാബിൽ നിന്നും 50 മുതൽ 150 മെഗാവാട്ട് വരെ വൈദ്യുതി മദ്ധ്യപ്രദേശിൽ നിന്നും വാങ്ങുവാൻ ധാരണയുണ്ടാക്കി. എന്നാൽ വെസ്റ്റേൺ ഗ്രിഡിലും വൈദ്യുതി കമ്മി നിലനിൽക്കുന്നതിനാൽ ധാരണയനുസരിച്ച് വൈദ്യുതി ലഭ്യമാവുന്നില്ല. |

KGMeerakumari

സെക്ഷൻ ഓഫീസർ.

9

അനുബന്ധം - 1

| Sl. No. | RESERVOIR | Storage (%) |
|---|---|---|
| 1 | IDUKKI | 9.52% |
| 2 | PAMBA | 31.31% |
| 3 | KAKKI | |
| 4 | SHOLAYAR | 12.00% |
| 5 | IDAMALAYAR | 14.64% |
| 6 | KUNDALA | 7.58% |
| 7 | MADUPPATTY | 41.11% |
| | Group I Total | 16.74% |
| 8 | KUTTIADI | 32.36% |
| 9 | THARIODE | 10.82% |
| 10 | ANAYIRANKAL | 1.87% |
| 11 | PONMUDI | 0.00% |
| | Group II Total | 9.90% |
| 12 | NERIAMANGALAM | 58.66% |
| 13 | PORINGAL | 33.11% |
| 14 | SENGULAM (SBR) | 0.00% |
| 15 | LOWER PERIYAR | 73.85% |
| 16 | KAKKAD | 0.00% |
| | Group III Total | 45.00% |
| | **TOTAL** | **16.17%** |

Section Officer

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 186 01.07 .2008 ൽ മറുപടിയ്ക്ക്

മതതീവ്രവാദ സംഘടനകളുടെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീ. കെ. അജിത്<br>ശ്രീ. പി. തിലോത്തമൻ | ശ്രീ . കോടിയേരി ബാലകൃഷ്ണൻ<br>ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി. |
| എ) സംസ്ഥാനത്തെ കാമ്പസ്സുകളിൽ മത തീവ്രവാദ സംഘടനകളുടെ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) പത്രവാർത്തകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| ബി) ന്യൂനപക്ഷ - ദരിദ്ര വിഭാഗങ്ങളെ ആകർഷിക്കത്തക്ക രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തുന്ന ഇത്തരം സംഘടനകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് എന്തെങ്കിലും തരത്തിലുള്ള റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം സംഘടനകളുടെ പ്രവർത്തനം നിരോധിക്കുന്നതിനുള്ള എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | ബി) അത്തരത്തിലുള്ള റിപ്പോർട്ടുകൾ ഇതുവരെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ .187

1-7-2008-ൽ മറുപടിയ്ക്ക്

## വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ പശ്ചാത്തല സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശിവൻകുട്ടി :<br>ശ്രീ.കെ.കെ.ജയചന്ദ്രൻ :<br>ശ്രീ കെ.സി.കുഞ്ഞിരാമൻ :<br>ശ്രീ.എ.എം.ആരിഫ് :<br>ശ്രീ.ബി.ഡി.ദേവസ്സി : | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| (എ) വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ടൂറിസം വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) ടൂറിസം രംഗത്ത് പശ്ചാത്തല സൗകര്യ വികസനത്തിനായി കേന്ദ്ര ധനസഹായത്തോടു കൂടിയ പദ്ധതികളും സംസ്ഥാന പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) ടൂറിസം മേഖലകളിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായി പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; | (ബി) കേരളത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ സഹകരണത്തോടെ ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പയിൻ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു കേരളത്തിലാകമാനം 70 ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു |
| (സി) ടൂറിസ്റ്റുകളുടെ സുരക്ഷയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (സി) കേരളത്തിലെത്തുന്ന വിനോദ സഞ്ചാരികളുടെ സംരക്ഷണത്തിനായി പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളിലെല്ലാം പ്രത്യേകം പരിശീലനം നൽകിയ ടൂറിസം പോലീസിനെ |

സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പരിശീലനം സിദ്ധിച്ച അംഗീകൃത ടൂറിസ്റ്റ് ഗൈഡുകളുടെ സേവനവും ടൂറിസ്റ്റുകൾക്ക് ലഭ്യമാണ്

| | | | |
|---|---|---|---|
| (ഡി) | ടൂറിസം രംഗത്ത് സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ? | (ഡി) | ഉണ്ട്. സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി ടൂറിസം രംഗത്ത് സ്ഥാപിക്കുന്ന യൂണിറ്റുകൾക്ക് മൂലധന നിക്ഷേപത്തിന്റെ 10 ശതമാനം സബ്സിഡിയും, ഇലക്ട്രിസിറ്റി താരിഫ് സബ്സിഡിയും നൽകി വരുന്നു. കൂടാതെ ടി.ആർ.കെ.എൽ വഴി പുതുതായി പൊതു - സ്വകാര്യ പങ്കാളിത്ത പദ്ധതികൾക്ക് രൂപം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

a) കേന്ദ്ര ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതികൾ.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | കേന്ദ്ര വിഹിതം | ആകെ അടങ്കൽ ചെലവ് |
|---|---|---|---|
| 1. | കുമരകത്തിന്റെ വികസനം | 2,34,35,000 | 2,34,35,000 |
| 2. | ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് വികസനം | 3,92,00,000 | 3,92,00,000 |
| 3. | ഇടുക്കി ടൂറിസം സർക്യൂട്ട് വികസനം | 5,81,78,000 | 5,81,78,000 |
| 4 | നെയ്യാർ ഡാം ടൂറിസം വികസനം | 3,02,53,000 | 3,02,53,000 |
| 5. | മലങ്കര ഡാം ടൂറിസം വികസനം | 3,32,41,000 | 3,32,41,000 |
| 6. | ധർമ്മടം - മുഴപ്പിലങ്ങാട് ബീച്ച് വികസനം | 3,56,00,000 | 3,56,00,000 |
| 7. | പഴശ്ശി ഡാം ടൂറിസം വികസനം | 3,14,54,000 | 3,14,54,000 |
| 8 | [illegible] ടൂറിസം വികസനം | 3,57,01,000 | 3,57,01,000 |
| 9. | പീച്ചി ടൂറിസം വികസനം | 1,31,93,000 | 1,31,93,000 |
| 10. | വാഗമൺ ടൂറിസം വികസനം | 3,34,46,000 | 3,34,46,000 |
| 11. | പത്മനാഭപുരം കൊട്ടാരത്തിന്റെ വികസനം | 3,08,19,000 | 3,08,19,000 |
| 12. | തലശ്ശേരി പൈതൃക സർക്യൂട്ട്. | 4,29,60,000 | 4,29,60,000 |
| 13. | ഐ.എച്ച്.എം.സി.റ്റി.കോഴിക്കോട്. | 10,00,00,000 | 15,65,00,000 |
| 14. | കൊടുങ്ങല്ലൂർ പൈതൃക സർക്യൂട്ട്. | 3,61,75,000 | 7,61,75,000 |
| 15. | പാതിരാമണൽ ബയോ പാർക്ക് വികസനം | 4,90,61,000 | 5,49,61,000 |
| 16. | വയനാട് ടൂറിസം വികസനം | 2,01,72,000 | |
| 17. | മംഗലം ഡാം ടൂറിസം വികസനം | 4,61,67,000 | 4,61,67,000 |
| 18. | കോട്ടക്കുന്ന് ടൂറിസം പദ്ധതി | 4,40,25,000 | 4,40,25,000 |
| 19. | മലമ്പുഴ ടൂറിസം ഡെസ്റ്റിനേഷൻ വികസനം | | 4,82,04,000 |
| 20. | ജില്ല പൈതൃക സർക്യൂട്ട് വികസനം. | | 6,08,40,000 |
| 21. | പത്തനംതിട്ടയിലെ ഗവിയിലെ എക്കോ ടൂറിസം വികസനം | | 20,05,000 |

b) സംസ്ഥാന പദ്ധതി

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക |
|---|---|---|
| 1. | കൊടുങ്ങല്ലൂർ ചേരമാൻ ജുമാ മസ്ജിദ് നവീകരണം | 35.55 ലക്ഷം |
| 2. | കേരള ടൂറിസത്തിന് വേണ്ടി വിവര സാങ്കേതിക വിദ്യ വികസിപ്പിക്കൽ | 42.00 ലക്ഷം |
| 3. | ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ ശുചീകരണ പ്രവർത്തനങ്ങൾ | 95.04 ലക്ഷം |
| 4. | ഹയർ സെക്കന്ററി സ്കൂളുകളിലും കോളേജുകളിലും ടൂറിസം ക്ലബ്ബുകളുടെ രൂപീകരണം | 55.30 ലക്ഷം. |
| 5. | മൂന്നാറിലെ ബഡ്ജറ്റ് അക്കോമഡേഷൻ ഫെസിലിറ്റി. | 100 ലക്ഷം |
| 6 | കണ്ണൂർ ഗസ്റ്റ് ഹൗസിലെ മേൽക്കൂരയുടെ നവീകരണം. | 7.45 ലക്ഷം |
| 7. | കോഴിക്കോട് ഗസ്റ്റ് ഹൗസിലെ മേൽക്കൂരയുടെ നവീകരണം. | 8.30 ലക്ഷം |
| 8. | പാർക്ക് വ്യൂ കോമ്പൗണ്ടിലെ ഇന്ററാക്ടീവ് മ്യൂസിയം പദ്ധതി | 98.00 ലക്ഷം |
| 9. | കൊല്ലത്ത് ഹൗസ് ബോട്ട് ടെർമിനൽ പദ്ധതി | 30.00 ലക്ഷം |
| 10. | [illegible] വികസനം | 34.89 ലക്ഷം |
| 11. | തലശ്ശേരിയിലെ ജഗന്നാഥ ടെമ്പിൾ റോഡ് വികസനം | 20.00 ലക്ഷം |
| 12. | കണ്ണൂരിലെ ടോയ്‌ലറ്റ് നിർമ്മാണം | 21.63 ലക്ഷം |
| 13. | കോവളത്തെ വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് - ഫേസ് 3 | 23.49 ലക്ഷം |
| 14. | ഗ്രീൻ സെർട്ടിഫിക്കേഷൻ കാമ്പയിൻ | 99.00 ലക്ഷം |
| 15. | മൂന്നാർ മാസ്റ്റർ പ്ലാൻ പ്രിപ്പറേഷൻ പദ്ധതി | 78.93 ലക്ഷം |
| 16. | ടൂറിസം വകുപ്പിന്റെ മാനവശേഷി വികസന പദ്ധതി നടപ്പിലാക്കൽ | 49.84 ലക്ഷം |
| 17. | കടത്തനാട് വില്ലേജ് ടൂറിസം പദ്ധതി | 34.36 ലക്ഷം |
| 18. | മലപ്പുറം വള്ളിക്കുന്ന് വികസന പദ്ധതി | 39.21 ലക്ഷം |
| 19. | മലപ്പുറം ജില്ലയിലെ ബിയ്യം കായൽ പദ്ധതി | 30.55 ലക്ഷം |
| 20. | ഉത്തരവാദിത്വ ടൂറിസം പദ്ധതി [illegible] | 58.83 ലക്ഷം |
| 21. | മൂന്നാറിലെ [illegible] ടൂറിസം പദ്ധതി | 57.49 ലക്ഷം |

| | | |
|---|---|---|
| 22 | [illegible] വികസനം | 50.00 ലക്ഷം |
| 23. | [illegible] | 96,70,427 രൂ. |
| 24. | [illegible] | 16,25,000 രൂ. |
| 25. | ചിറയിൻകീഴ് വാമനപുരം നദീതീരത്ത് നടപ്പാതയുടെ നിർമ്മാണവും വേലി പിടിപ്പിക്കലും | 77.00 ലക്ഷം |
| 26 | [illegible] വികസനം | 97.00 ലക്ഷം |
| 27 | [illegible] | 96.26 ലക്ഷം |
| 28. | തൊട്ടിൽ [illegible] - തലപ്പാടി [illegible] | 35.00 ലക്ഷം |
| 29 | പൊൻമുടി ഗസ്റ്റ്ഹൗസ് കോട്ടേജുകളുടെ പുനരുദ്ധാരണം | 49.00 ലക്ഷം |
| 30. | പൊൻമുടി കോട്ടേജ് വികസനം | 20.50 ലക്ഷം |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പര്‍. 138 | 01-07-08 -ല്‍ മറുപടിക്ക്.

# എക്സൈസ് നയം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ആനത്തലവട്ടം ആനന്ദന്‍<br>" എ.സി. മൊയ്തീന്‍<br>" എം.എം. മോനായി<br>" ആര്‍. സെല്‍വരാജ്<br>" എ.എം. യൂസഫ് | ശ്രീ. പി.കെ. ഗുരുദാസന്‍<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) എക്സൈസ് നയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കില്‍ വിശദാംശം വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. സര്‍ക്കാരിന്റെ 29-02-08-ലെ ജി.ഒ. (എംഎസ്) 38/08/നി.വ. പ്രകാരം 2008-09 വര്‍ഷത്തെ അബ്കാരി നയം പ്രഖ്യാപിച്ചിട്ടുണ്ട്. പകര്‍പ്പ് അടക്കം ചെയ്യുന്നു. |
| (ബി) അബ്കാരി നിയമങ്ങളില്‍ കാലോചിതമായ പരിഷ്ക്കാരങ്ങള്‍ വരുത്തുന്നതിനായി നിയമിച്ച സമിതിയുടെ റിപ്പോര്‍ട്ട് ലഭിച്ചിട്ടുണ്ടോ; എങ്കില്‍ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) അബ്കാരി നിയമങ്ങള്‍ പരിഷ്കരിക്കുന്നതിനായി നിയമിച്ച സമിതി അന്തിമ റിപ്പോര്‍ട്ട് സമര്‍പ്പിച്ചിട്ടില്ല. |
| (സി) സംസ്ഥാനത്ത് ജനങ്ങളുടെ മദ്യാസക്തി വര്‍ദ്ധിക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; | (സി) മദ്യാസക്തി മുന്‍കാലത്തെ അപേക്ഷിച്ച് വര്‍ദ്ധിച്ചതായി ശ്രദ്ധയില്‍പ്പെട്ടിട്ടില്ല. വിദേശമദ്യ വില്‍പ്പന വര്‍ദ്ധിക്കുന്നുണ്ട്. വ്യാജമദ്യത്തിന്റെ വിപണനം താരതമ്യേന കുറവായതുകൊണ്ടാണ് വിദേശമദ്യ വില്‍പ്പന വര്‍ദ്ധിക്കുന്നത്. |
| (ഡി) മദ്യപാനത്തിനെതിരെ ബോധവല്‍ക്കരണം നടത്തുന്നതിന് പദ്ധതികള്‍ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കില്‍ വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) മദ്യപാനത്തിനെതിരെ ബോധവല്‍ക്കരണം നടത്തുന്നതിന് വിവിധ പദ്ധതികള്‍ ആവിഷ്ക്കരിച്ചിട്ടുണ്ട്. കേരള നിയമസഭ സബ്ജക്ട് കമ്മിറ്റി ശുപാര്‍ശ പ്രകാരം മദ്യത്തിനും മയക്കുമരുന്നിനും എതിരെ വിപുലമായ ബോധവല്‍ക്കരണ പരിപാടികള്‍ സംഘടിപ്പിച്ചിട്ടുള്ളതാണ്. സമൂഹത്തിലെ നാനാ തുറകളില്‍പ്പെട്ട ആളുകളെ സംഘടിപ്പിച്ചു കൊണ്ട് സംസ്ഥാനത്ത് എല്ലാ താലൂക്കുകളിലും ബോധവല്‍ക്കരണ പരിപാടികള്‍ സംഘടിപ്പിച്ചിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി ബോധവല്‍ക്കരണ റാലി, സാംസ്കാരിക ഘോഷയാത്ര, തെരുവു നാടകം, പോസ്റ്റര്‍ പ്രദര്‍ശനം, ലഘുലേഖ വിതരണം, ഓട്ടന്‍ തുള്ളല്‍, ക്വിസ് മത്സരങ്ങള്‍, ചിത്രരചന, ടി.വി. പ്രദര്‍ശനം, കാര്‍ട്ടൂണ്‍ പ്രദര്‍ശനം എന്നിവ സംഘടിപ്പിച്ചിട്ടുള്ളതാണ്. കൂടാതെ വ്യാജമദ്യ ഉല്പാദനം, വിപണനം, വിതരണം എന്നിവ സംബന്ധിച്ച് വിവരം നല്കുന്നതിന് രൂപീകൃതമായ ജനകീയ സമിതികള്‍ പുനഃസംഘടിപ്പിച്ച് നിരന്തരം തദ്ദേശ അടിസ്ഥാനത്തില്‍ ബോധവല്‍ക്കരണ പരിപാടികള്‍ നടത്തി വരുന്നു. |

അനുബന്ധം ലൈബ്രറിയില്‍ ലഭ്യമാണ്.

(ഒപ്പ്)
സെക്ഷന്‍ ഓഫീസര്‍

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 189 | 1-07-2008- ൽ മറുപടിയ്ക്ക്

ഇ-കൃഷി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ :<br>ശ്രീ. എൻ. ശക്തൻ :<br>ശ്രീ.എ.പി. അനിൽകുമാർ : | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് എവിടെയെല്ലാം ഇ-കൃഷി പദ്ധതി നടപ്പാക്കിയിട്ടുണ്ട് ; | (എ) മലപ്പുറം ജില്ലയിലാണ് ഇ-കൃഷി പദ്ധതി നടപ്പാക്കിയിട്ടുള്ളത്. |
| ബി) ഇ-കൃഷി നടപ്പാക്കുന്ന കാര്യത്തിൽ അക്ഷയ കേന്ദ്രങ്ങൾ എന്തെല്ലാം സേവനങ്ങളാണ് ചെയ്യുന്നത് ; | (ബി) 1. വിപണനത്തിന് തയ്യാറായ കാർഷിക ഉല്പന്നങ്ങൾ ഇന്റർനെറ്റിലേയ്ക്ക് പോസ്റ്റ് ചെയ്യുന്നു.<br>2. കാർഷികവും കാർഷികേതരവുമായ വിപണനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സ്വയം സഹായ സംഘങ്ങളെയും കുടുംബശ്രീ യൂണിറ്റുകളെയും കണ്ടെത്തുകയും ഇ-കൃഷി നെറ്റ്‌വർക്കുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു.<br>3. വ്യാപാരികളുടെ ശൃംഖല ഉണ്ടാക്കുക.<br>4. ചെറുകിട കർഷകർക്കിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും, ഇടനിലക്കാരെ ഒഴിവാക്കുന്നതിനും ഉൽപ്പന്നങ്ങൾക്ക് പരമാവധി വില ഉറപ്പാക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.<br>5. വിവിധ ചന്തകളിലെ വിലനിലവാരം പ്രസിദ്ധപ്പെടുത്തുക.<br>6. കർഷകർക്ക് വേണ്ട കമ്പ്യൂട്ടർ പരിജ്ഞാനം നൽകുക.<br>7. കർഷകർക്കിടയിൽ പരമാവധി കാർഷിക വിവരങ്ങൾ എത്തിക്കുന്നതിനും വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ താഴെത്തട്ടിലെത്തിക്കുന്നതിനും വേണ്ടി കർഷകരുടെ പങ്കാളിത്തത്തോടുകൂടി ഭൂമിക്ലബ്ബുകൾ ഓരോ പഞ്ചായത്തിലും രൂപീകരിക്കുക.<br>8. ജൈവ കൃഷിക്കുള്ള സർട്ടിഫിക്കേഷൻ നൽകുന്ന ഏജൻസിയായ ഇൻഡോ |

| | | | |
|---|---|---|---|
| | | | സെർട്ടുമായി ചേർന്ന് ജൈവ കൃഷിക്കാവശ്യമായ ബോധവൽക്കരണം സംഘടിപ്പിക്കുക.<br>9. കർഷകർക്കാവശ്യമായ മണ്ണു പരിശോധന നടത്തിക്കൊടുക്കുക. |
| സി) | വാഴ, പച്ചക്കറി എന്നീ കൃഷികളിൽ ഏർപ്പെട്ടിട്ടുള്ള സഹകരണ സംഘങ്ങളെയും ജൈവകൃഷി നടത്തുന്നവരെയും ഇ-കൃഷിയുടെ പരിധിയിൽ കൊണ്ടുവരാൻ പരിപാടിയുണ്ടോ ; എങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ ? | (സി) | എല്ലാ കർഷകരെയും ഇ-കൃഷി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ 146 അക്ഷയ കേന്ദ്രങ്ങളിൽ ഇ-കൃഷി പദ്ധതി ഏർപ്പെടുത്തി. ഈ കേന്ദ്രങ്ങൾ കർഷകരുടെ ഉല്പന്നങ്ങളുടെ വിവരങ്ങൾ ഇന്റർനെറ്റ് വഴി പോസ്റ്റ് ചെയ്യുകയും അതുവഴി ധാരാളം വിപണനം നടക്കുകയും ചെയ്യുന്നു. |

Subharani P.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 190. 01/07/2008-ൽ മറുപടിക്ക്

## ഹരിതശ്രീ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി. കെ. എസ്.സലീഖ<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ :<br>ശ്രീമതി.ജെ. അരുന്ധതി:<br>ശ്രീമതി.കെ.കെ.ലതിക :<br>ശ്രീമതി.പി. അയിഷാ പോറ്റി : | | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പു മന്ത്രി) |
| എ) കുടുംബശ്രീ മുഖേന നടപ്പാക്കിയിട്ടുള്ള ഹരിതശ്രീ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | എ) | കഴിഞ്ഞ സാമ്പത്തിക വർഷം ഇടുക്കി ജില്ലയിലാണ് ഹരിതശ്രീ പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കിയത്. ഹരിതശ്രീ പദ്ധിയുടെ ഭാഗമായി 2008-09 വർഷത്തിൽ നടപ്പിലാക്കുന്ന "ആയിരം പച്ചക്കറി ഗ്രാമങ്ങൾ" എന്ന പദ്ധതിയിൽ കുടുംബശ്രീയെക്കൂടി ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| ബി) കഴിഞ്ഞ വർഷം എത്ര ഹെക്ടർ സ്ഥലത്ത് ഹരിതശ്രീ പദ്ധതിയുടെ ഭാഗമായി കൃഷി നടത്തി ; | ബി) | കഴിഞ്ഞ വർഷം 3000 ഹെക്ടർ സ്ഥലത്ത് ഹരിതശ്രീ പദ്ധതിയുടെ ഭാഗമായി പച്ചക്കറി കൃഷി നടത്തി |
| സി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം പ്രോത്സാഹനങ്ങളും സഹായങ്ങളുമാണ് കൃഷി വകുപ്പ് നൽകുന്നത്; | സി) | 2007- 08 സാമ്പത്തിക വർഷത്തിൽ ഹരിതശ്രീ പദ്ധതി നടപ്പിലാക്കുന്നതിന് കൃഷി വകുപ്പ് 100 ലക്ഷം രൂപ നൽകുകയുണ്ടായി. ടി പദ്ധതി പ്രകാരം ഉത്പാദിപ്പിച്ച പച്ചക്കറികൾ സംഭരിക്കുന്നതിനും, വിപണനം നടത്തുന്നതിനുമായി വി.എഫ്.പി.സി.കെ , ഹോർട്ടികോർപ്പ് എന്നീ ഏജൻസികൾക്ക് 45 ലക്ഷം രൂപ വീതം 90 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടായും, കഴിഞ്ഞ ഓണക്കാലത്ത് കർഷകർക്ക് ന്യായവില നൽകി പച്ചക്കറി സംഭരിക്കുന്നതിനും, അവ ന്യായ വിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള വിപണന മേളകൾ സംഘടിപ്പിക്കുന്നതിനും 10 |

| | | | |
|---|---|---|---|
| | | | ലക്ഷം രൂപയും കൃഷി വകുപ്പ് നൽകുകയുണ്ടായി. |
| ഡി) | സംസ്ഥാനത്ത് എത്ര ഹെക്ടർ കൃഷി ഭൂമി തരിശ്ശായി കിടക്കുന്നു ; | ഡി) | സംസ്ഥാനത്ത് നിലവിൽ 1,28,795 ഹെക്ടർ പ്രദേശം തരിശ്ശായി കിടക്കുന്നു . |
| ഇ) | തരിശുഭൂമി പൂർണ്ണമായും കൃഷി യോഗ്യമാക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ ? | ഇ) | തരിശുഭൂമി കൃഷിക്ക് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തരിശുഭൂമി നെൽകൃഷി മേഖലയിലായാൽ ഇത്തരം ഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിനായി കൃഷി വകുപ്പ് ഹെക്ടറിന് 5000/- രൂപാ നിരക്കിൽ ധനസഹായം നൽകുന്നുണ്ട്. 2008-09 സാമ്പത്തിക വർഷത്തിൽ 5000 ഹെക്ടർ പ്രദേശത്ത് തരിശ് ഭൂമി കൃഷി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 191 — 1-07-2008-ൽ മറുപടിയ്ക്ക്

## ഭക്ഷ്യവിളകളുടെ സ്വയം പര്യാപ്തത

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എം. ഉമ്മർ | | ശ്രീ. മുല്ലക്കര രത്നാകരൻ (കൃഷി വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് ഏതെല്ലാം ഭക്ഷ്യവിളകളുടെ സ്വയം പര്യാപ്തതയാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത് ; | (എ) | പഴം, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ സ്വയംപര്യാപ്തതയിലേയ്ക്കും, നെല്ലിന് പരമാവധി ഉല്പാദനവുമാണ് ലക്ഷ്യമിടുന്നത്. |
| ബി) | ഇതിനായി ഉദ്ദേശിച്ചിരിക്കുന്ന പദ്ധതികൾ ഏതെല്ലാം ; | (ബി) | താഴെപ്പറയുന്ന പദ്ധതികളാണ് ഇതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.<br>(എ) <u>നെൽകൃഷി മേഖല</u><br>(1) ഗ്രൂപ്പ് ഫാമിംഗ് മുഖേനയുള്ള നെൽകൃഷി വികസനം.<br>(2) കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന മാക്രോ മാനേജ്മെന്റ് പദ്ധതി.<br>(3) കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്ന ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി.<br>(4) പലിശ രഹിത വായ്പ പദ്ധതി.<br>(5) ഉല്പാദന ബോണസ്.<br>(6) സൗജന്യ വൈദ്യുതി.<br>(7) "രാഷ്ട്രീയകൃഷി വികാസ് യോജന" പദ്ധതി മുഖേന നടപ്പിലാക്കുന്ന നെൽ കൃഷി വികസന പരിപാടികൾ.<br>(8) നെല്ലു സംഭരണം<br>(ബി) <u>പച്ചക്കറിമേഖല</u><br>"ആയിരം പച്ചക്കറി ഗ്രാമങ്ങൾ" എന്ന പദ്ധതിയിലൂടെ സമഗ്ര പച്ചക്കറി കൃഷി പരിപാടി |
| സി) | ഈ ഭക്ഷ്യവിളകളുടെ സ്വയം പര്യാപ്തത എന്നത്തേക്ക് കൈവരിക്കാനാകുമെന്ന് വ്യക്തമാക്കുമോ ? | (സി) | 11 ാം പദ്ധതിയുടെ അവസാന വർഷത്തോടുകൂടി (2011-12) ഇത് ഏറെക്കുറെ സാദ്ധ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:192    01-07-2008 ൽ മറുപടിയ്ക്ക്

### ജനറേറ്ററുകളുടെ അറ്റകുറ്റപ്പണി

| ചോദ്യം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. എം. മുരളി<br>ശ്രീ. എൻ. ശക്തൻ | മറുപടി<br>ശ്രീ. മന്ത്രി എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
|---|---|
| എ) വൈദ്യുത പദ്ധതികളുടെ ജനറേറ്ററുകൾ എത്ര മണിക്കൂർ പ്രവർത്തിച്ചു കഴിയുമ്പോഴാണ് പരിശോധനയ്ക്കും അറ്റകുറ്റപ്പണിക്കും വിധേയമാക്കുന്നത്; | എ) ജലവൈദ്യുതി നിലയങ്ങളിലെ ജനറേറ്ററുകൾ മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള പ്രകാരം ദൈനംദിന, പ്രതിമാസ, വാർഷിക അറ്റകുറ്റപ്പണികൾക്ക് വിധേയമാക്കാറുണ്ട്.<br>ഡീസൽ വൈദ്യുത നിലയങ്ങളിലെ ജനറേറ്ററുകളിൽ അവ പ്രവർത്തനം പൂർത്തിയാക്കുന്ന മണിക്കൂറുകളുമായി ബന്ധപ്പെടുത്തിയാണ് അറ്റകുറ്റപ്പണികൾ നടത്തുന്നത്. 250 മണിക്കൂർ, 500, 1000, 2000, 3000, 4000, 6000, 8000, 10000, 12000, 18000, 24000, 36000, 48000, 60000, 72000 മണിക്കൂർ എന്നിങ്ങനെ പ്രവർത്തനം പൂർത്തിയാക്കുന്ന മുറയ്ക്ക് അറ്റകുറ്റപ്പണികൾ നടത്തുവാനാണ് ഷെഡ്യൂൾ ചെയ്തിരിക്കുന്നത് |
| ബി) ജലവൈദ്യുത പദ്ധതിയുടെ ജനറേറ്ററുകൾ നിശ്ചിത സമയത്ത് പരിശോധിക്കുകയും അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുന്നുണ്ടോ; | ബി) ഉണ്ട്. |
| സി) മൂലമറ്റം പവർഹൗസിലെ ജനറേറ്റർ വിദഗ്ദ്ധ തൊഴിലാളികൾ ഇല്ലാത്തതിനാൽ അറ്റകുറ്റപ്പണി നടത്താതിരിക്കുന്നുണ്ടോ; | സി) ഇല്ല. |

---

ഡി) മറ്റേതെല്ലാം പദ്ധതികളുടെ ജനറേറ്റർ നിശ്ചിത സമയം കഴിഞ്ഞും നിലവിൽ അറ്റകുറ്റപ്പണി ചെയ്യാതിരിക്കുന്നു എന്നു പറയുമോ?

ഡി) ഇടമലയാർ ജലവൈദ്യുതനിലയത്തിലെ ഒന്നാം നമ്പർ ജനറേറ്ററിന്റെ വാർഷിക അറ്റകുറ്റപ്പണികൾ മുൻകൂട്ടി നിശ്ചയിച്ചിരുന്ന സമയത്തിൽ നിന്നും ഒരു മാസം നീട്ടിയിട്ടുണ്ട്. മൂഴിയാറിലെ ശബരിഗിരി ജലവൈദ്യുതി നിലയത്തിലെ അപകടത്തെത്തുടർന്ന് ഉല്പാദനം നിലച്ചതുകൊണ്ടുണ്ടായ വൈദ്യുതി ദൗർലഭ്യം കുറെയെങ്കിലും നികത്താനാണ് ഇത് നീട്ടിവച്ചിട്ടുള്ളത്.

കൂടാതെ കോഴിക്കോട് ഡീസൽ വൈദ്യുതി നിലയത്തിലെ 6 -ാം നമ്പർ ജനറേറ്ററിന്റെ 16,000 മണിക്കൂർ പൂർത്തിയായതിനുശേഷമുള്ള അറ്റകുറ്റപ്പണികൾ ചില സ്പെയർ പാർട്ടുകൾ ലഭ്യമാകുന്നതിലുള്ള കാലതാമസം മൂലം നീട്ടിവച്ചിട്ടുണ്ട്. സ്പെയർ പാർട്ട്സുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 193

01.07.2008-ൽ മറുപടിയ്ക്ക്

## തോട്ടം നാണ്യവിളകൃഷി രംഗത്തെ കേന്ദ്ര പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. അൽഫോൺസ് കണ്ണന്താനം | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) തോട്ടം, നാണ്യവിളകൃഷി രംഗത്ത് കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | എ) ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം തെങ്ങ്, റബ്ബർ. തേയില, കാപ്പി എന്നിവ ഒഴികെയുള്ള നാണ്യം, തോട്ട വിളകളുടെ വികസനം ലക്ഷ്യമിട്ടുകൊണ്ടാണ് പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്. ഈ പദ്ധതി സംസ്ഥാനതലത്തിൽ നടപ്പാക്കുന്നത് സംസ്ഥാന ഹോർട്ടികൾച്ചർ മിഷനാണ്. ഇതുകൂടാതെ 10000 ഹെക്ടർ സ്ഥലത്ത് റീപ്ലാന്റേഷൻ നടത്താനും 15000 ഹെക്ടർ ചെറുകിട തോട്ടങ്ങൾ പുനരുദ്ധരിക്കാനും /22.23 കോടി രൂപയുടെ ഒരു പദ്ധതിയ്ക്ക് സ്പൈസസ് ബോർഡ് മുഖാന്തിരം കേന്ദ്ര ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ട്. കേരളത്തിലും തമിഴ്നാട്ടിലും ഏലം കൃഷിയുടെ വികസനത്തിനാണ് ടി തുക അനുവദിച്ചിട്ടുള്ളത്. ഇതിൽ നിന്നും 57.84 കോടി രൂപ കേരളത്തിനും തമിഴ്നാടിനുമായി അനുവദിച്ചിട്ടുണ്ട്. കേരളത്തിൽ പ്രധാനമായും ഇടുക്കി ജില്ലയിലാണ് ഈ പദ്ധതി നടപ്പിലാക്കിയത്. 2008-09ൽ റീപ്ലാന്റേഷനും നവീകരണത്തിനുമായി ൬൧൦.൪൪ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |

ബി) തേയില, കാപ്പി, റബ്ബർ മേഖലകളിൽ ഈ പദ്ധതിമൂലം സംസ്ഥാനത്തിന് എന്തു മാത്രം പ്രയോജനം ഉണ്ടാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

ബി) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ നടപ്പാക്കുന്ന പദ്ധതികളിൽ തേയില, കാപ്പി, റബ്ബർ വിളകൾ ഉൾപ്പെടുന്നില്ല. സ്പൈസസ് ബോർഡ് നടപ്പാക്കുന്ന കൃഷികളിൽ പ്രധാനമായും ഏലം കൃഷിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. തേയില, കാപ്പി, റബ്ബർ എന്നിവയ്ക്കുള്ള സഹായങ്ങൾ അതതു ബോർഡുകളാണ് നൽകുന്നത്. അവ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

സി) കേന്ദ്ര പദ്ധതിയുടെ പരമാവധി ആനുകൂല്യം പതിനൊന്നാം പദ്ധതികാലത്ത് ലഭ്യമാക്കുന്നതിനായി കൃഷി വകുപ്പ് പദ്ധതി ആവിഷ്ക്കരിക്കുമോ;

സി) പതിനൊന്നാം പദ്ധതിക്കാലത്ത് ഈ പദ്ധതിയുടെ പരമാവധി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി 2007-08 സാമ്പത്തിക വർഷം സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ സമർപ്പിച്ച 1912 ലക്ഷം രൂപയുടെ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചു. 2008-09 സാമ്പത്തിക വർഷത്തിൽ 24024.71 ലക്ഷം രൂപയുടെ പദ്ധതികൾ സമർപ്പിച്ചതിൽ 17420.15 ലക്ഷം രൂപയുടെ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. മറ്റു ബോർഡുകൾ വഴി കൂടുതൽ ധനസഹായം നൽകുന്നതിനായി ബോർഡുകളുമായി ബന്ധപ്പെടുന്നതാണ്.

ഡി) റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഡി) റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ റബ്ബർ ബോർഡ് ഇപ്പോൾതന്നെ നടത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 194 | 01.07.2008 ൽ മറുപടിയ്ക്ക്

## കാറ്റിൽനിന്നും തിരമാലകളിൽനിന്നും വൈദ്യുതി

**ചോദ്യം**

ശ്രീ.പി.സി.ജോർജ്

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ
(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് കാറ്റിൽനിന്നും തിരമാലകളിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടോ; എങ്കിൽ എത്ര മെഗാവാട്ട് വിദ്യുച്ഛക്തിയാണ് ഉല്പാദിപ്പിക്കുന്നത്;

(എ) സംസ്ഥാനത്ത് കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്. ഇതിനായി സ്വകാര്യ മേഖലയിൽ പാലക്കാട് ജില്ലയിലെ അഗളിയിൽ 19.8 മെഗാവാട്ടിന്റെ പദ്ധതിയിൽ 18.6 മെഗാവാട്ടിനും ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ 15 മെഗാവാട്ട് പദ്ധതിയിൽ 12 മെഗാവാട്ടിനും അനെർട്ട് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. വൈദ്യുതി ബോർഡിന്റെ കഞ്ചിക്കോട്ടുള്ള നിലയത്തിലേതുൾപ്പെടെ 18.525 മെഗാവാട്ട് വൈദ്യുതിയാണ് കാറ്റിൽ നിന്നും ഉല്പാദിപ്പിക്കുന്നത്.

സംസ്ഥാന സർക്കാരോ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളോ തിരമാലയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നില്ല.

(ബി) മൂലധന ചെലവില്ലാതെ ഇത്തരത്തിലുള്ള വൈദ്യുതി ഉല്പാദിപ്പിക്കുവാൻ സ്വകാര്യ വ്യക്തികളെ പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഉണ്ട്. സർക്കാരിന് മൂലധനച്ചെലവില്ലാതെ കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുവാൻ സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുവാൻ ലക്ഷ്യമിട്ട് 08.11.2004 ൽ ജി.ഒ.(എം.എസ്)23/04/പി.ഡി നമ്പർ ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 11.05.2007 ലെ ജി.ഒ.(എം.എസ്)7/07/പി.ഡി ഉത്തരവ് പ്രകാരം മേൽ മാർഗ്ഗനിർദ്ദേശങ്ങളിൽ ആവശ്യമായ

ശേഷി വരുന്ന പുതുക്കിയ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. സ്വകാര്യ സംരംഭകർ കെ.എസ്.ഇ.ബി.യുമായി ഒപ്പു വയ്ക്കേണ്ട മാതൃകാ വൈദ്യുതി വാങ്ങൽ കരാർ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഈ വൈദ്യുതിയ്ക്ക് 20 വർഷത്തേക്ക് യൂണിറ്റിന് 3.14 രൂപ നിരക്കാണ് കേരള സംസ്ഥാന റഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ളത്. അനെർട്ടിൽ നിന്നും സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളിൽ നിന്നും കേരള സംസ്ഥാന റഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ച നിരക്കിൽ കെ.എസ്.ഇ.ബി വൈദ്യുതി വാങ്ങൽ കരാർ ഒപ്പുവെയ്ക്കുന്നുണ്ട്.

(സി) ഈ മേഖലകളിൽ ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്?

(സി) കഞ്ചിക്കോട് കാറ്റാടിപ്പാടത്തിന്റെ നിർമ്മാണച്ചെലവ് 9,27,62,459/- രൂപയാണ്. സ്വകാര്യ സംരംഭകർക്ക് ഈ ഇനത്തിൽ ചെലവായ തുക സർക്കാരിൽ ലഭ്യമല്ല.

ആര്യാടൻ മുഹമ്മദ്

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 195. 01/07/2008-ൽ മറുപടിക്ക്

# ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. പി. അയിഷാ പോറ്റി :<br>ശ്രീ. എം. ചന്ദ്രൻ :<br>ശ്രീ. എം.ജെ. ജേക്കബ് :<br>ശ്രീ. ജോർജ് എം. തോമസ് :<br>ശ്രീ. മുരളി പെരുനെല്ലി : | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പു മന്ത്രി) |
| എ) ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | എ) ഉണ്ട്. സംസ്ഥാനത്ത് പച്ചക്കറി ഉത്പ്പാദനം വർദ്ധിപ്പിക്കുന്നതിനും പച്ചക്കറി ലഭ്യത വർദ്ധിച്ച തോതിൽ ഉറപ്പാക്കുന്നതിനുമായി കൃഷി വകുപ്പ്, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, വി.എഫ്.പി.സി.കെ., ഹോർട്ടി കോർപ്പ്, കാർഷിക സർവ്വകലാശാല, സർക്കാർ, അർദ്ധ സർക്കാർ, സന്നദ്ധ സംഘടനകൾ, കർഷക ഗ്രൂപ്പുകൾ, വിദ്യാലയങ്ങൾ, കാർഷിക രംഗത്ത് പ്രവർത്തിക്കുന്ന മറ്റു സംഘടനകൾ ഇവയുടെ എല്ലാം പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കാനായി "ആയിരം ഗ്രാമങ്ങളിൽ പച്ചക്കറി കൃഷി വികസന പദ്ധതി" എന്നൊരു പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൻ കീഴിൽ 5 |

ഹെക്ടർ പച്ചക്കറി കൃഷി ഒരു പച്ചക്കറി ഗ്രാമമായി കണക്കാക്കുന്നതാണ്. നഗര പ്രദേശങ്ങളിൽ വീട്ടു വളപ്പിൽ വീട്ടമ്മമാരുടെ പങ്കാളിത്തത്തോടെ ജൈവപച്ചക്കറി കൃഷി നടപ്പിലാക്കുക, വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ആവശ്യമായ പ്രോത്സാഹനം നൽകുക, കർഷകർക്ക് വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിന് ആവശ്യമായ വായ്പ കുറഞ്ഞ പലിശ നിരക്കിൽ ലഭ്യമാക്കുക, ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് വിപണന സൗകര്യം ഏർപ്പെടുത്തുക മുതലായവയാണ് നിർദ്ദിഷ്ട പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങൾ. ഈ പദ്ധതി പ്രകാരം പച്ചക്കറി കൃഷി ചെയ്യുന്ന ഗ്രൂപ്പുകൾക്ക് ഹെക്ടർ ഒന്നിന് 10,000/- (പതിനായിരം) രൂപ ധനസഹായം ലഭ്യമാക്കും. തെരഞ്ഞെടുക്കപ്പെടുന്ന പച്ചക്കറി ഗ്രാമങ്ങളിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ കർഷകരെ സംഘടിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ആയിരം ഗ്രാമങ്ങളിലായി 5000 ഹെക്ടർ സ്ഥലത്ത് ജൈവ പച്ചക്കറി കൃഷി നടപ്പിലാക്കി ഒരു ലക്ഷം ടൺ പച്ചക്കറി ഉത്പാദിപ്പിക്കുവാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

ബി) ജൈവ പച്ചക്കറി കൃഷി വികസന പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ഏതെല്ലാം ഏജൻസികളാണ് ഈ പദ്ധതിക്ക് മേൽനോട്ടം

ബി) ആയിരം ഗ്രാമങ്ങളിൽ [illegible] ജൈവ പച്ചക്കറി വികസന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൃഷി വകുപ്പ്, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, ഹോർട്ടികോർപ്പ്,

| | | |
|---|---|---|
| | വഹിക്കുന്നത് ; എത്ര ഹെക്ടർ പ്രദേശത്താണ് പദ്ധതി നടപ്പാക്കു ന്നത് ; ; | വി.എഫ്.പി.സി.കെ., എന്നിവ ഈ പദ്ധ തിക്ക് മേൽനോട്ടം വഹിക്കുന്നു. . 5000 ഹെക്ടർ സ്ഥലത്ത് ജൈവ പച്ചക്കറി കൃഷി പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |
| സി) | പദ്ധതിയിൽ ജനപങ്കാളിത്തം ഉറ- സി) പ്പാക്കുന്നതിന് നടപടി സ്വീകരി ക്കുമോ ? | ജന പങ്കാളിത്തത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പച്ചക്കറി കൃഷി ഗ്രാമങ്ങൾ തെരെഞ്ഞെടുക്കുന്ന തിൽ ബഹുമാനപ്പെട്ട M.L.A മാരുടെ നിർ ദ്ദേശങ്ങൾ സ്വീകരിക്കുന്നുണ്ട്. 25000 ത്തോളം കർഷകരേയും, 25000 ത്തോളം വീട്ടമ്മമാരെയും, 1/2 ലക്ഷം സ്കൂൾ വിദ്യാർത്ഥികളേയും ഉൾപ്പെട്ട വമ്പിച്ച ജനപങ്കാളിത്തം ലക്ഷ്യം വെക്കുന്ന പദ്ധ തിയിലൂടെ 22,00,000 (ഇരുപത്തി രണ്ട് ലക്ഷം) ത്തോളം തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെടും |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 196

01.07.2008 ൽ
മറുപടിയ്ക്ക്.

## ഗ്രാൻറ് കേരളാ ഷോപ്പിംഗ് ഫെസ്റ്റിവൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സി.രാജഗോപാലൻ,<br>ശ്രീ. വി.ശശികുമാർ,<br>ശ്രീ.എ.സി.മൊയ്തീൻ,<br>ശ്രീമതി.ജെ.അരുന്ധതി,<br>ശ്രീ.എ.എം.യൂസഫ്. | | ശ്രീ കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദ സഞ്ചാരവും<br>വകുപ്പു മന്ത്രി) | |
| (എ). | ഈ വർഷം ഗ്രാൻറ് കേരളാ ഷോപ്പിംഗ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (എ). | 2008–2009 വർഷം ഗ്രാൻറ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഫെസ്റ്റിവലിന് പരമാവധി വ്യാപാര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടാകുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഇതിനകം തന്നെ വ്യാപാര വ്യവസായ രംഗത്തെ സംഘടനാ പ്രതിനിധികളുമായി ചർച്ചകൾ നടത്തി നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുകയാണ്. |
| (സി) | കഴിഞ്ഞ ഷോപ്പിംഗ് ഫെസ്റ്റിവലിൽ എന്തെല്ലാം പോരായ്മകളാണ് ശ്രദ്ധയിൽപെട്ടത്; ഈ പോരായ്മകൾ ഇപ്രാവശ്യം ഉണ്ടാകാതിരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | കാര്യമായ പോരായ്മകൾ ഉണ്ടായിട്ടില്ല. എന്നാൽ പരസ്യപ്രചാരണങ്ങൾ ആരംഭിക്കുന്നതിൽ താമസം നേരിട്ടതിനാൽ തുടക്കത്തിൽ ഫെസ്റ്റിവലിൻെറ ഉദ്ദേശ ലക്ഷ്യം വേണ്ട രീതിയിൽ വ്യാപാരികളിലും ഉപഭോക്താക്കളിലും എത്തിക്കുന്നതിന് താമസം നേരിട്ടു. രജിസ്റ്റർ ചെയ്തതിൽ പല സ്ഥാപനങ്ങളും വിതരണകേന്ദ്രങ്ങളിൽ വളരെ അകലത്തിൽ സ്ഥിതി ചെയ്തിരുന്നതിനാൽ കൂപ്പണുകൾ യഥാസമയത്ത് എത്തിക്കുന്നതിനുള്ള താമസവും നേരിട്ടു. മേൽപറഞ്ഞ പോരായ്മകൾ സംഘാടകരുടെ യഥാസമയത്തുള്ള ഇടപെടലുകൾ മൂലം പെട്ടെന്ന് പരിഹരിക്കാനാവുകയും, മേള സുഗമമായി അവസാനിപ്പിക്കാനും സാധിച്ചു. |

| | | | |
|---|---|---|---|
| (ഡി) | ഫെസ്റ്റിവൽ ആകർഷകമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളത്; | (ഡി) | ആദ്യമായി സംഘടിപ്പിച്ച പദ്ധതി എന്ന നിലയിൽ അനുഭവപ്പെട്ട പോരായ്മകൾ പരിഹരിക്കാൻ വേണ്ട മുൻകരുതൽ എടുത്ത് ഈ വർഷം കുറ്റമറ്റ രീതിയിൽ ഗ്രാൻറ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ നടത്താനായി പരിപാടികൾ സമയ ബന്ധിതമായി ആസൂത്രണം ചെയ്തുവരുന്നു. |
| (ഇ) | വിദേശികളെ ഫെസ്റ്റിവലിലേയ്ക്ക് ആകർഷിക്കുന്നതിന് മുൻകൂട്ടി പദ്ധതികൾ ആസൂത്രണം ചെയ്യുമോ ? | (ഇ) | സംസ്ഥാനത്തെ പരമാവധി വ്യാപാര സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ഒരു ഷോപ്പിംഗ് ഉത്സവാന്തരീക്ഷം സൃഷ്ടിക്കുകയും അതുവഴി വിദേശികളെ ആകർഷിക്കുന്നതിലേയ്ക്കായി വിവിധ പദ്ധതികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതാണ്. |

Sarasvathi

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട<br>ചോദ്യം നമ്പർ. 197 | 01/07/2008 - ലെ<br>മറുപടിയ്ക്ക് |

### " തൊഴിലില്ലായ്മ "

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ചന്ദ്രൻ<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. കെ.കുഞ്ഞിരാമൻ<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. ബി.രാഘവൻ | ശ്രീ. പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | എ) ഐ.ടി മേഖലയുടെ വികസനത്തിലൂടെ ധാരാളം തൊഴിലവസരങ്ങൾ ഉണ്ടായിട്ടുണ്ട്. ടെക്നോ സിറ്റി, ടെക്നോ പാർക്കിന്റെ മൂന്നാംഘട്ട വികസനം, സ്മാർട്ട് സിറ്റി ജില്ലാതല ഐ.ടി പാർക്കുകൾ ഇവയിലൂടെ വരുംവർഷങ്ങളിൽ നിരവധി തൊഴിലവസരങ്ങൾ പ്രതീക്ഷിക്കുന്നു. ഐ.ടി.രംഗത്ത് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് സർക്കാർ ആഭിമുഖ്യത്തിൽ ഒരു മോഡൽ ഫിനിഷിംഗ് സ്കൂളിന്റെ പ്രവർത്തനം തിരുവനന്തപുരത്ത് ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമേ യുവാക്കളുടെയും യുവതികളുടെയും കോളേജ് വിദ്യാർത്ഥി വിദ്യാർത്ഥിനികളുടേയും തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് ഒരു വിപുലമായ മാനവശേഷി വികസന പരിപാടി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ |

പദ്ധതിയുടെ ഭാഗമായി കോളേജ് വിദ്യാർത്ഥി വിദ്യാർത്ഥിനികളെയും, കോളേജിൽ നിന്നും പാസ്സായവരെയും പരിശീലിപ്പിക്കാൻ ലക്ഷ്യം ഉണ്ട്.

അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്തുവാൻ ഈ സർക്കാർ അധികാരമേറ്റ ശേഷം മൾട്ടിപർപ്പസ് സർവ്വീസ് സെന്ററുകൾ/ ജോബ് ക്ലബ്ബുകൾ എന്ന ഒരു സ്വയം തൊഴിൽ പദ്ധതി എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം നടപ്പിലാ ക്കുകയും വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വന്നിരുന്ന കെസ്റു-99 എന്ന സ്വയംതൊഴിൽ പദ്ധതി കൂടുതൽ സമഗ്രവും ആകർഷകവുമാക്കുന്ന തിനു വേണ്ടി സർക്കാർ ഉത്തരവിൽ ആവശ്യമായ ഭേദഗതി വരുത്തുകയും ചെയ്തു.

ഗ്രാമപ്രദേശങ്ങളിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതികളായ തൊഴിലുറപ്പ് പദ്ധതിയും സ്വർണ്ണ ജയന്തി ഗ്രാമസ്വരോസ്ഗാർ യോജനയും തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.

തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സംസ്ഥാന യുവജന ക്ഷേമ ബോർഡ് കേരളത്തിലെ യൂത്ത് ക്ലബ്ബുകൾ വഴി വിവിധ സ്വയംതൊഴിലുകളിൽ പരിശീലനം സംഘടിപ്പിച്ചു വരുന്നു. 2006-07-ൽ സംസ്ഥാനത്തെ 91 കേന്ദ്രങ്ങളിൽ സ്വയംതൊഴിൽ പരിശീലനം നടത്താനായി 1,85,000/- രൂപയും 2007-08 സാമ്പത്തിക വർഷത്തിൽ 95 കേന്ദ്രങ്ങളിൽ പരിശീലനത്തിനായി 16,96,270/- രൂപയും ബോർഡ് അനുവദിച്ചിട്ടുണ്ട്.

ബി) ഏതെല്ലാം മേഖലയിൽ എത്ര പേർക്കു വീതം തൊഴിൽ നല്കാൻ കഴിഞ്ഞു ;

ബി) ഐ.ടി മേഖലയിൽ ടെക്നോപാർക്കിലും ഇൻഫോപാർക്കിലുമുള്ള വിവിധ കമ്പനികളിലായി 22517 പേർക്ക് പ്രത്യക്ഷമായും ഏകദേശം അതിന്റെ മൂന്നിരട്ടിയോളം പേർക്ക് പരോക്ഷമായും തൊഴിൽ ലഭിച്ചതായി കണക്കാക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 20395 പേർക്ക് വിവിധ വകുപ്പുകളിൽ സ്ഥിരവും താല്ക്കാലികവുമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം തൊഴിൽ നല്കിയിട്ടുണ്ട്. കൂടാതെ വകുപ്പു വഴി നടപ്പിലാക്കുന്ന സ്വയംതൊഴിൽ പദ്ധതിയായ 'കെസ്റു-99' പ്രകാരം 1965 പേർക്കും മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ ജോബ് ക്ലബ്ബ് പദ്ധതി പ്രകാരം 375 പേർക്കും വിവിധ മേഖലകളിലായി തൊഴിൽ നല്കിയിട്ടുണ്ട്. (പി.എസ്.സി വഴി നല്കിയ നിയമനങ്ങൾ ഉൾപ്പെടുന്നില്ല).

തൊഴിലുറപ്പ് പദ്ധതിയിൽ അവിദഗ്ദ്ധ തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള ഗ്രാമീണ കുടുംബങ്ങളിലെ പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഗ്രാമപ്രദേശങ്ങളിൽ മണ്ണ്-ജല സംരക്ഷണം, വരൾച്ച നിവാരണം, ചെറുകിട ജലസേചനം, കുളം കുഴിക്കലും ആഴം കൂട്ടലും, റോഡുകൾ തുടങ്ങിയ പ്രവർത്തികൾ നടപ്പിലാക്കി തൊഴിൽ ലഭ്യമാക്കി വരുന്നു. ഈ സർക്കാരിന്റെ കാലത്ത് 2006-07 വർഷത്തിൽ 1.13 ലക്ഷം പേർക്കും 2007-08 വർഷത്തിൽ 2.06 ലക്ഷം

| | | | |
|---|---|---|---|
| | | | പേർക്കും തൊഴിൽ നല്കി. സ്വർണ്ണ ജയന്തി ഗ്രാമ സ്വരോസ്ഗാർ യോജനയിലൂടെ ഗ്രാമപ്രദേശങ്ങളിലെ ദരിദ്ര കുടുംബങ്ങളിൽപ്പെട്ടവർക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിലും, വ്യക്തിഗതമായും കൃഷി അനുബന്ധ മേഖലകൾ, ചെറുകിട വ്യവസായങ്ങൾ, സർവ്വീസ്, ബിസിനസ്സ് എന്നീ മേഖലകളിൽ സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് സഹായം ലഭ്യമാക്കി വരുന്നു. സ്വർണ്ണജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന പ്രകാരം ഈ സർക്കാരിന്റെ കാലത്ത് 52830 പേർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് സഹായം ലഭ്യമാക്കി. |
| സി) | ഐ.ടി.മേഖലയിലും വ്യവസായ മേഖലയിലും അടുത്ത മൂന്നു വർഷ കാലയളവിൽ ഏകദേശം എത്ര പേർക്ക് വീതം തൊഴിൽ ലഭ്യമാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; | സി) | ഐ.ടി.രംഗത്ത് ചില പദ്ധതികൾ സ്വകാര്യ സംരംഭങ്ങളായതുകൊണ്ട് വ്യക്തമായ കണക്ക് ലഭ്യമല്ല. എന്നാലും മുകളിൽ (എ) യിൽ പറഞ്ഞതുപോലെ പരമാവധി തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ സർക്കാർ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.<br><br>വ്യാവസായിക മേഖലയുമായി ബന്ധപ്പെട്ട വിവരങ്ങൾ പിന്നീട് നല്കുന്നതാണ്. |
| ഡി) | അഭ്യസ്തവിദ്യർക്ക് സ്വയംതൊഴിൽ ആരംഭിക്കുവാനുള്ള പദ്ധതി കൂടുതൽ ഉദാരമാക്കാൻ നടപടി സ്വീകരിക്കുമോ ? | ഡി) | ഗ്രാമപഞ്ചായത്ത് - മുനിസിപ്പൽ - കോർപ്പറേഷൻ തലങ്ങളിൽ യൂത്ത് സെന്ററുകൾ ആരംഭിക്കാൻ സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കി വരുന്ന യുവശക്തി പദ്ധതിയുടെ കീഴിൽ പരിപാടിയിട്ടിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 7 ജില്ലകളിൽ ആരംഭിച്ച പദ്ധതി, ഈ |

സാമ്പത്തിക വർഷം കേരളത്തിലെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലുള്ള യൂത്ത് സെന്ററുകളുടെ നേതൃത്വത്തിൽ സ്വയം തൊഴിൽ എക്സ്ചേഞ്ചുകൾ, ലേബർ ബാങ്കുകൾ, തൊഴിൽ ക്ലബ്ബുകൾ എന്നിവ രൂപീകരിച്ച് പ്രവർത്തിക്കാനുള്ള അവസരം ഒരുക്കിയിട്ടുണ്ട്. തൊഴിൽ ക്ലബ്ബുകളുടെ ഭാഗമായി കാർഷിക ക്ലബ്ബുകൾ ആരംഭിക്കാനുള്ള നടപടി പൂർത്തിയായിക്കഴിഞ്ഞു. ഒരേ തൊഴിൽ ചെയ്യുന്നവരുടെ കൂട്ടായ്മ രൂപീകരിച്ച് ഐ.ടി ഉൾപ്പെടെയുള്ള മേഖലകളിൽ തൊഴിൽ ലഭ്യത ഉറപ്പു വരുത്തുകയാണ് തൊഴിൽ ക്ലബ്ബുകളുടെ ലക്ഷ്യം.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 198 — 1.7.2008-ൽ മറുപടിയ്ക്ക്

## ' സുഭിക്ഷകേരളം ' പദ്ധതി

ചോദ്യം

ശ്രീ. കെ. സുധാകരൻ
പ്രൊഫ. കെ. വി. തോമസ്
ശ്രീ. പി.സി. വിഷ്ണുനാഥ്

(എ) കൃഷി വകുപ്പിന്റെ കീഴിൽ ' സുഭിക്ഷകേരളം ' എന്ന പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ടോ;

ബി) എങ്കിൽ ഈ പദ്ധതിയിൻ കീഴിൽ എന്തൊക്കെ പരിപാടികൾ ആസൂത്രണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്;

ഉത്തരം

ശ്രീ.മുല്ലക്കര രത്നാകരൻ
(ബഹു: കൃഷി വകുപ്പ് മന്ത്രി)

(എ) ഭക്ഷ്യോത്പാദന വർദ്ധനവ് ലക്ഷ്യമാക്കി കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ. പച്ചക്കറി വികസന പദ്ധതിയായ ആയിരം പച്ചക്കറി ഗ്രാമങ്ങൾ. നൂറ് കൃഷിഗ്രാമങ്ങൾ തുടങ്ങിയ പദ്ധതികളെ ഏകോപിപ്പിച്ചുകൊണ്ടും [illegible] കാർഷികോൽപാദനം വർദ്ധിപ്പിക്കുവാനുള്ള സംവിധാനമൊരുക്കിക്കൊണ്ടും ആണ് ' സുഭിക്ഷ കേരളം ' പദ്ധതി നടപ്പാക്കു ന്നത്.

(ബി) ഈ പദ്ധതിയിൻകീഴിൽ താഴെ പറയുന്ന പരിപാടികൾ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(1) നെല്ലുല്പാദനം ഇരട്ടിപ്പിക്കൽ
(2)നെൽകൃഷി മേഖലയിൽ ഒരു ലക്ഷം ഹെക്ടർ പാടശേഖരങ്ങളിൽ ഗ്രൂപ്പ് ഫാമിംഗ്
(3)തരിശുഭൂമി കൃഷി.
(4)അധിക വരുമാനം ലഭിക്കുന്ന പദ്ധതി
(5)ചെറുകിട സംസ്കരണ വിപണന യൂണിറ്റുകൾ സ്ഥാപിക്കൽ
(6)ഉല്പാദന ബോണസ് നൽകൽ

(7) നെൽകൃഷിക്ക് സൗജന്യ വൈദ്യുതി.

(8)നെൽകർഷകർക്ക് പലിശരഹിത വായ്പ ലഭ്യമാക്കൽ

(9) കേന്ദ്ര സഹായത്തോടു കൂടിയ മാക്രോ മാനേജ്മെൻറ് നെൽകൃഷി വികസനം

(10) പച്ചക്കറി കൃഷിയുടെ സ്വയം പര്യാപ്തത ലക്ഷ്യമിട്ട് സംസ്ഥാനമൊട്ടാകെ 1000 പച്ചക്കറി ഗ്രാമങ്ങൾ രൂപീകരിച്ച് പച്ചക്കറി കൃഷി നടപ്പിലാക്കൽ

(11)നഗരപ്രദേശങ്ങളിൽ വീട്ടുവളപ്പിൽ വീട്ടമ്മമാരുടെ പങ്കാളിത്തത്തോടെ പച്ചക്കറി കൃഷി

(12)വിദ്യാലയങ്ങളിൽ പച്ചക്കറി തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള ധനസഹായം

(13)സസ്യസംരക്ഷണ ഉപകരണങ്ങളുടെ വിതരണം.

(14)പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള പ്രോത്സാഹന സമ്മാനം.

(15)ജൈവ വളം ഉല്പാദിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം.

(16)കുറഞ്ഞ നിരക്കിൽ വായ്പ ലഭ്യമാക്കൽ

(17)വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

(18)നൂറ് കൃഷി ഗ്രാമങ്ങൾക്ക് രൂപം നൽകൽ

(19)നാളികേരത്തിൻെറയും സ്പൈസസിൻെറയും ഔഷധച്ചെടികളുടെയുമുൾപ്പെടെ ഉല്പാദനം വർദ്ധിപ്പിക്കൽ

(20)മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ അധിക ഉല്പാദനവും വിപണനവും

| | |
|---|---|
| (സി) പ്രസ്തുത പദ്ധതിക്ക് എന്തൊക്കെ കേന്ദ്ര സഹായമാണ് പ്രതീക്ഷിക്കുന്നത്? | (സി) പ്രത്യേക കേന്ദ്ര സഹായമൊന്നും പ്രതീക്ഷിക്കുന്നില്ല. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതികളായ 'മാക്രോ മാനേജ്മെൻറ് നെൽകൃഷി വികസനം ' പാലക്കാട് ജില്ലയിൽ നടപ്പിലാക്കിവരുന്ന ' ദേശീയ ഭക്ഷ്യസുരക്ഷാമിഷൻ' എന്നിവ ഈ പദ്ധതിയിൻ കീഴിൽ ഏകോപിപ്പിക്കുന്നതാണ്. |

Suhahani P.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 199

01.07.2008-ൽ മറുപടിയ്ക്ക്

## കാർഷിക സർവ്വകലാശാലയുടെ പുതിയ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. പി. വിശ്വൻ | **ശ്രീ. മുല്ലക്കര രത്നാകരൻ**<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കാർഷിക സർവ്വകലാശാല ഈ വർഷം പുതുതായി നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) കൃഷി വകുപ്പിന്റെ ധനസഹായത്തോടെയുള്ള രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) പ്രകാരം 4.65 കോടി രൂപയുടെ 28 പദ്ധതികൾ കാർഷിക, വെറ്ററിനറി, ഫിഷറീസ് ഫാക്കൽറ്റികളുടെ കീഴിൽ വിവിധ സ്റ്റേഷനുകളിലായി നടപ്പാക്കി വരുന്നുണ്ട്. സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ മിഷന്റെ ധനസഹായത്തോടെ 4.385 കോടി രൂപയുടെ വിവിധ ഗവേഷണപദ്ധതികളും ഐ.സി.എ.ആറിന്റെ ധനസഹായമുള്ള 70 ലക്ഷം രൂപയുടെ വിത്തും നടീൽ വസ്തുക്കളും ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതികളും വിവിധ സ്റ്റേഷനുകളിലായി നടപ്പ് സാമ്പത്തിക വർഷത്തിൽ നടത്തി വരുന്നുണ്ട്. വയനാട് ജില്ലയിലെ കർഷകരെ സഹായിക്കുന്നതിനുള്ള 7.0555 കോടി രൂപയുടെ പദ്ധതിക്ക് ഐ.സി.എ.ആർ-ന്റെ അനുമതി ലഭിച്ചിട്ടുണ്ട്. |

| | |
|---|---|
| ബി) തൃശ്ശൂരിൽ കർഷകർക്ക് കാലാവസ്ഥാ മുന്നറിയിപ്പ് നൽകുന്നതിനായി കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) ഉണ്ട്. ഐ.എസ്.ആർ.ഒ യുടെ 40 ലക്ഷം രൂപ ധനസഹായമുള്ള കാലാവസ്ഥാ നിരീക്ഷണത്തിനുള്ള പദ്ധതി തൃശൂർ ഹോർട്ടികൾച്ചർ കോളേജ് കേന്ദ്രമായി കൊച്ചി യൂണിവേഴ്സിറ്റിയുടെ സഹകരണത്തോടെ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| സി) നെൽകൃഷി ഗവേഷണങ്ങൾക്കായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; നെല്ലും, നടീൽ വസ്തുക്കളും കൂടുതലായി ഉല്പാദിപ്പിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | സി) കേരളത്തിൽ നെൽകൃഷി ആദായകരമാക്കുന്നതിനും കുറഞ്ഞ ചെലവിൽ ഉയർന്ന ഉല്പാദനം ഉറപ്പാക്കുന്നതിനുമായി കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള 8 ഗവേഷണ കേന്ദ്രങ്ങളിലും രണ്ട് കോളേജുകളിലുമായി 20 ഗവേഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിനായി താഴെപ്പറയുന്ന മാർഗ്ഗങ്ങളും പരീക്ഷണങ്ങളുമാണ് കൈക്കൊണ്ടിട്ടുള്ളത്.<br><br>1. കേരളത്തിലെ പ്രധാന കാർഷിക കാലാവസ്ഥാമേഖലകളിലെ വിവിധ നെൽകൃഷി സമയങ്ങൾക്ക് യോജിച്ചതും അത്യുല്പാദന ശേഷി യുള്ളതുമായ നെല്ലിനങ്ങളും ഉല്പാദന ശേഷികൂടിയ സങ്കര നെല്ലുകളും വികസിപ്പിച്ചെടുക്കുന്നതിനായി വിവിധ പദ്ധതികളിലായി 47 പരീക്ഷണങ്ങൾ നടന്നുവരുന്നു.<br><br>2. അത്യുല്പാദന ശേഷിയുള്ള നെല്ലിനങ്ങളുടെ ഉല്പാദനക്ഷമത ഉറപ്പാക്കുന്നതിനായി ശാസ്ത്രീയമായ വിളപരിപാലനം, കളനിയന്ത്രണം, ശരിയായ ജലസേചനം എന്നിവയ്ക്കായി വിവിധ പദ്ധതികളിലായി 62 പരീക്ഷണങ്ങൾ നടന്നുവരുന്നു. |

3. നെല്ലിനെ ആക്രമിക്കുന്ന രോഗങ്ങളേയും കീടങ്ങളേയും പറ്റി പഠിക്കുന്നതിനും ശാസ്ത്രീയവും പരിസ്ഥിതിക്ക് കോട്ടം തട്ടാത്തതുമായ രീതിയിൽ അവയെ നിയന്ത്രിക്കുന്നതിനുമുള്ള 56 പരീക്ഷണങ്ങൾ നടന്നു വരുന്നു.

4. നെൽകൃഷിയിലെ യന്ത്രവൽക്കരണം, നെല്ലിന്റെ മൂല്യവർദ്ധനവ് എന്നിവയെപ്പറ്റി പഠിക്കുന്നതിന് മൂന്ന് പദ്ധതികളിലായി 5 പരീക്ഷണങ്ങൾ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ * 200

01.07.2008 – ൽ മറുപടിയ്ക്ക്

**കൊയ്ത്ത് മെതിയന്ത്രങ്ങൾ ലഭ്യമാക്കുന്നതിന് പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എൻ.വാസവൻ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. എം.ഹംസ<br>ശ്രീ. പി.ടി.എ.റഹീം<br>ശ്രീ. ടി.പി.കുഞ്ഞുണ്ണി | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കൊയ്ത്ത് മെതിയന്ത്രങ്ങളുടെ ദൗർലഭ്യം മൂലം കർഷകർ കഴിഞ്ഞ വേനൽ മഴക്കാലത്ത് അനുഭവിച്ച ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കൊയ്ത്ത് മെതിയന്ത്രങ്ങൾ ലഭ്യമാക്കുന്നതിന് കൃഷി വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;<br>(സി) കൊയ്ത്ത് മെതിയന്ത്രങ്ങൾ മിതമായ വാടകയ്ക്ക് കർഷകർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) & (സി)<br>ഉണ്ട്. കൊയ്ത്ത് മെതിയന്ത്രങ്ങൾ ലഭ്യമാക്കുന്നതിനായി കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ വഴി ഒരു പദ്ധതി സർക്കാർ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പുതിയ 20 കൊയ്ത്ത് മെതിയന്ത്രങ്ങൾ വാങ്ങുന്നതിനും ഉപയോഗശൂന്യമായി കിടക്കുന്ന യന്ത്രങ്ങൾ റിപ്പയർ ചെയ്യുവാനും ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. കർഷകർക്കാവശ്യമായ കൊയ്ത്ത് മെതി യന്ത്രങ്ങൾ അന്യ സംസ്ഥാനങ്ങളിൽ നിന്ന് ആവശ്യാനുസരണം കൊണ്ട് വന്ന് കർഷകർക്ക്മിതമായ നിരക്കിൽ വാടകയ്ക്ക് നൽകുവാനും കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ വഴി നടപടി സ്വീകരിച്ചിട്ടുണ്ട്. |

കാർഷിക മേഖലയിലെ യന്ത്രവൽക്കരണം ഊർജ്ജിതപ്പെടുത്തുന്നതിന് ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകൾ കേന്ദ്രീകരിച്ച് അഗ്രോ എൻജിനീയറിംഗ് സർവ്വീസ് (ക്രസ്റ്റംസ് ഹയറിംഗ് കം സർവ്വീസ് സെൻറർ), റെയ്ഡ്കോ, കെയ്കോ എന്നീ സ്ഥാപനങ്ങൾ വഴി തുടങ്ങുവാൻ 06.06.2008 ൽ കൂടിയ യോഗത്തിൽ തീരുമാനമായിട്ടുണ്ട്. ഇതോടൊപ്പം കൃഷി വകുപ്പിലെ എൻജിനീയറിംഗ് വിഭാഗം തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിൽ അഗ്രിക്കൾച്ചർ എൻജിനീയറിംഗ് സർവ്വീസ് (ക്രസ്റ്റംസ് ഹയറിംഗ് കം സർവ്വീസ് സെൻറർ) തുടങ്ങുവാനും തീരുമാനമായിട്ടുണ്ട്. മേപ്പടി സെൻററുകളിൽ കർഷകർക്കാവശ്യമായ യന്ത്രങ്ങൾ മിതമായ വാടകയ്ക്ക് ലഭ്യമാക്കുവാനും, കർഷക തൊഴിലാളികൾക്ക് യന്ത്രങ്ങളുടെ പ്രവർത്തനത്തിൽ പരിശീലനം നൽകുവാനും നൂതന യന്ത്രങ്ങൾ പരിചയപ്പെടുത്തി കൊടുക്കുവാനും വിഭാവനം ചെയ്യുന്നു. ഇതിനാവശ്യമായ 100 ലക്ഷം രൂപ നടപ്പു ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

ഇതുകൂടാതെ ത്രിതല പഞ്ചായത്തുമായി സഹകരിച്ച് കാർഷികയന്ത്രങ്ങൾ വാങ്ങുന്നതിന് 40 ലക്ഷം രൂപയും പൊക്കാളി കൃഷിയ്ക്കുപയുക്തമായ കൊയ്ത്തു മെതിയന്ത്രം രൂപപ്പെടുത്തുന്നതിന് കാംകോയ്ക്ക് 10 ലക്ഷം രൂപയും ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തി നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

8-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 201. 1-7-2008-ൽ മറുപടിക്ക്.

കുറ്റാന്വേഷണം ശാസ്ത്രീയമാക്കൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.എച്ച്. കുഞ്ഞമ്പു<br>ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. കെ.കുഞ്ഞിരാമൻ<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ<br>ശ്രീ. എ. പ്രദീപ് കുമാർ | ശ്രീ കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) കുറ്റാന്വേഷണം ശാസ്ത്രീയമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം : | (എ) പോലീസ് ഉദ്യോഗസ്ഥന്മാർക്ക് ആവശ്യമായ പരിശീലനം യഥാസമയം നൽകിയും, ശാസ്ത്രജ്ഞന്മാരുടെയും സഹായം ലഭ്യമാക്കിയും , വിരലടയാള വിദഗ്ദ്ധരുടെയും ഫോട്ടോഗ്രാഫർമാരുടെയും, ഡോഗ് സ്ക്വാഡിന്റെയും മറ്റും സേവനം ലഭ്യമാക്കിയും, പോളിഗ്രാഫ്, നാർക്കോ അനാലിസിസ് മുതലായ ശാസ്ത്രീയ കുറ്റാന്വേഷണ മാർഗ്ഗങ്ങൾ ഉപയോഗിച്ചും സീ-ഡാക്, രാജീവ്ഗാന്ധി ബയോടെക്നോളജി സെന്റർ മുതലായ വിദഗ്ദ്ധ കേന്ദ്രങ്ങളിൽ നിന്നും ശാസ്ത്രീയ ടെസ്റ്റുകൾ നടത്തിച്ചും , കുറ്റാന്വേഷണ ഉദ്യോഗസ്ഥർക്ക് കുറ്റാന്വേഷണത്തിനുള്ള ശാസ്ത്രീയ ഉപകരണങ്ങൾ ലഭ്യമാക്കിയും കുറ്റാന്വേഷണം ശാസ്ത്രീയമാക്കുന്നതിനുള്ള നടപടികൾ |

സ്വീകരിച്ചു വരുന്നു.
കൂടാതെ ഫോറൻസിക് സയൻസ് ലാബോറട്ടറികൾക്കാവശ്യമായ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുകയും, അവയുടെ പ്രവർത്തനത്തിന് ഉദ്യോഗസ്ഥന്മാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുകയും ചെയ്തുവരുന്നുണ്ട്. കൂടുതൽ ശാസ്ത്രജ്ഞന്മാരെ ഈ ലാബുകളിൽ നിയമിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ആധുനിക ശാസ്ത്രീയ കുറ്റാന്വേഷണത്തിനായി DNA, സൈബർ, ഫോറൻസിക് തുടങ്ങിയ ഡിവിഷനുകൾ പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ഇതിനായി ഫോറൻസിക് ലാബോറട്ടറിയിൽ അത്യാധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ : എങ്കിൽ വിശദമാക്കുമോ :

(ബി) ഉണ്ട്.
ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ ലഭ്യമാക്കിയ ഉപകരണങ്ങളുടെ പട്ടിക അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.

(സി) ശാസ്ത്രീയ കുറ്റാന്വേഷണത്തിന് പ്രാപ്തരാക്കുന്നതിന് പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നുണ്ടോ :

(സി) ഉണ്ട്.

(ഡി) സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് രൂപീകരിച്ച സെല്ലിന്റെ പ്രവർത്തനം വിശദമാക്കുമോ :

(ഡി) ഹൈടെക് ക്രൈം എൻക്വയറി സെല്ലിൽ കമ്പ്യൂട്ടർ, മൊബൈൽ ഫോൺ ഇന്റർനെറ്റ്, എന്നിവയുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ നേരിട്ട് അന്വേഷിച്ചു വരുന്നു.

കേസ് രജിസ്റ്റർ ചെയ്യു
അന്വേഷിക്കേണ്ടതായ പരാതികൾ
ബന്ധപ്പെട്ട സ്റ്റേഷനുകളിലേക്ക്
തരംതിരിച്ചു അയച്ചു കൊടുക്കുന്നു.
സ്റ്റേഷനുകളിൽ
രജിസ്റ്റർ ചെയ്യു അന്വേഷിക്കുന്ന
കേസുകളിൽ ഇലക് ട്രോണിക്
എവിഡൻസ് ശേഖരിക്കേണ്ടതുണ്ടെങ്കിൽ
അവ ശേഖരിച്ചു നൽകുന്നു. സർവ്വീസ്--
ദാതാക്കളിൽ നിന്നും കേസ്സുകൾക്കാവശ്യ--
മായ ഫോൺകാൾ വിശദാംശങ്ങൾ,
ടൗവ്വർ ലൊക്കേഷൻ എന്നിവ
ശേഖരിച്ചു നൽകുകയും ചെയ്യുന്നു.

(ഇ) ശാസ്ത്രീയ കുറ്റാന്വേഷണത്തിലൂടെ കുറഞ്ഞ കാലം കൊണ്ടു തെളിയിക്കാൻ കഴിഞ്ഞ പ്രമാദമായ കേസുകൾ ഏതെല്ലാമാണ് ?

(ഇ) ശാസ് ത്രീയ കുറ്റാന്വേഷണത്തിലൂടെ തെളിയിക്കാൻ കഴിഞ്ഞ ചില കേസുകളുടെ പട്ടിക അനുബന്ധം II -ൽ ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

Annexure I

(ബി) LIST OF EQUIPMENTS

| Sl. No. | Name of Equipment | Quantity | Use |
|---|---|---|---|
| 1. | Deep Freezer and Water Bath | 2 Nos. | For setting up of DNA Lab |
| 2. | Real time PCR | 1 No. | -do- |
| 3. | Eppend of Table top Centrifuge Transilluminator | 2 Nos. | -do- |
| 4. | Autoclave | 1 Unit | -do- |
| 5. | Microwave Digestive System | 1 No. | Sample Preparation |
| 6. | Binocular Research Microscope | 5 Nos. | Examination of Blood, Hair, Fibre samples |
| 7. | Double Distillation Unit | 2 Units | Sample Preparation |
| 8. | High Pressure Liquid Chromatograph (HPLC) | 1 No. | Examination of Explosive Substance |
| 9. | Detailed Hydro Carbon Analyser | 1 No. | Examination of Petrol Adulteration |
| 10. | Gas Chromatograph with Mass Spectrophotometer | 1 No. | Examination of Narcotics, Explosives |
| 11. | Flash Point Apparatus | 1 No. | Examination of Petroleum products |

അനുബന്ധം. - 2

(1) മലപ്പുറം ജില്ലയിൽ തേഞ്ഞിപ്പാലം PS Crime.475/07.
( ചേലാമ്പ്ര ബാങ്ക് കവർച്ച കേസ് )

(2) തൃശ്ശൂർ ജില്ലയിൽ വെറ്റിലപ്പാറ PS Crime. 96/98
( ഫോറസ്റ്റ് വക തേക്കിൻതോട്ടത്തിൽ ചുരിദാറിനുള്ളിൽ അസ്ഥികഷ്ണങ്ങൾകണ്ടെത്തിയകേസ് )

(3) പെരുമ്പാവൂർ PSCrime. 64/03. ( അരുൺ പരമേശ്വരൻ എന്നആനയെകൊലചെയ്ത കേസ്)

(4) ചേലക്കര PS Crime 119/02 മിനി എന്നുവിളിയ്ക്കുന്ന മിനിമോൾ, റിസർവ് വനത്തിൽ കൊലചെയ്യപ്പെട്ട കേസ്.

(5) പെരിങ്ങോം PS Crime. 149/06. ( അജിതകുമാരി എന്ന സ്ത്രീ കൊല്ലപ്പെട്ടത് )

(6) തോപ്പുംപടി PS Crime. 138/03. ( ജെസ്സി കൊല്ലപ്പെട്ട കേസ് )

(7) സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ എം.റ്റി.സുഷ് എന്ന വിദ്യാർത്ഥി എഞ്ചിനീയറിംഗ് അഡ്മിഷൻ ഓപ്ഷൻ തിരുത്തി എന്ന കേസ്. ( Crime No. 310/CR/06)

(8) ബാലരാമപുരം PS Crime No. 206/08. ( ബിജു എന്ന യുവാവ് കൊല്ലപ്പെട്ടകേസ് )

സെക്ഷൻ ഓഫീസർ

(9) ഫോർട്ട് PS Crime. 424/06 ( കത്ത് തുറക്കുമ്പോൾ സ്ഫോടനം ഉണ്ടായതുമായി ബന്ധപ്പെട്ട് )

(10) കോഴിക്കോട് ടൗൺ PS ക്രൈം. നം. 75/07. S M സ്ട്രീറ്റ് തീപിടുത്തം. തുടങ്ങിയ കേസ്സുകൾ.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 202 | 01.07.2008-ലെ മറുപടിക്ക്

## ഹോട്ടലുകൾക്കും ക്ലബ്ബുകൾക്കും ബാർ ലൈസൻസ് ഫീസ് ഏകീകരിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി.വേണുഗോപാൽ<br>ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ. ജി.കാർത്തികേയൻ | ശ്രീ.പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ബാർ ഹോട്ടലുകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള ഫീസ് എത്രയാണ്; | (എ) 22 ലക്ഷം രൂപ |
| (ബി) ബാർ ലൈസൻസുള്ള ക്ലബ്ബുകളിൽ സാധാരണക്കാർക്ക് പ്രവേശനം നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) നിലവിലുള്ള അബ്കാരി ചട്ടം 13(4 എ) പ്രകാരം ക്ലബ്ബിലെ മെമ്പർമാരോടൊപ്പം അതിഥികൾക്ക് പ്രവേശനം അനുവദിക്കുന്നുണ്ട്. |
| (സി) പ്രമുഖന്മാർക്ക് മാത്രം പ്രവേശനമുള്ള ക്ലബ്ബുകളിൽ നിന്ന് കുറഞ്ഞ നിരക്കിലുള്ള ബാർ ലൈസൻസ് ഫീസ് ഈടാക്കാനുള്ള കാരണമെന്താണ്; | (സി) നിലവിലുള്ള 'ഫോറിൻ ലിക്കർ റൂൾ' പ്രകാരമാണ് ———— വ്യവസ്ഥകൾക്ക് വിധേയമായി ക്ലബ്ബ് ലൈസൻസ് (4 എ) നൽകിവരുന്നത്. ഫോറിൻ ലിക്കർ റൂൾ 13(4 എ) പ്രകാരം ലൈസൻസ് അനുവദിക്കുന്ന ഇത്തരം ക്ലബ്ബുകളിൽ പ്രസ്തുത ക്ലബ്ബിലെ മെമ്പർമാർക്കും അവരുടെ അതിഥികൾക്കും മാത്രമാണ് പ്രവേശനം ———— നിജപ്പെടുത്തിയിട്ടുള്ളത്. ക്ലബ്ബിലെ മെമ്പർമാരോടൊപ്പം എത്തുന്ന അതിഥികൾക്ക് മാത്രമേ മദ്യം/ആഹാരം എന്നിവ നൽകാൻ പാടുള്ളൂ. [illegible] ക്ലബ്ബിൽ [illegible] |

| | | | |
|---|---|---|---|
| | | | വാണിജ്യമായിട്ടല്ല, അംഗങ്ങൾക്കായി പ്രസ്തുത ക്ലബ്ബുകളിൽ ലഭ്യമാക്കുന്ന മദ്യ വിതരണം ഉദ്ദേശിക്കുന്നതല്ല ആയതിനാൽ ക്ലബ്ബുകൾക്ക് ബാർ ഹോട്ടലുകളെ അപേക്ഷിച്ച് കുറഞ്ഞ ലൈസൻസ് ഫീസാണ് ഈടാക്കുന്നത്. നിലവിൽ ക്ലബ്ബുകൾക്ക് 6 ലക്ഷം രൂപയാണ് ലൈസൻസ് ഫീസ്. |
| (ഡി) | ഹോട്ടലുകൾക്കും ക്ലബ്ബുകൾക്കും ബാർ ലൈസൻസ് ഫീസ് ഏകീകരിക്കുമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഏട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 203

01.07.2008 - ൽ മറുപടിക്ക്

" കലാലയങ്ങളിലെ റാഗിംഗ് തടയൽ "

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അടൂർ പ്രകാശ്: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ (ബഹു. ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കലാലയങ്ങളിലെ റാഗിംഗുമായി ബന്ധപ്പെട്ട് എത്ര കേസുകൾ നിലവിലുണ്ട്; | (എ) സംസ്ഥാനത്തെ കലാലയങ്ങളിൽ റാഗിംഗുമായി ബന്ധപ്പെട്ട് ഇപ്പോൾ 63 കേസ്സുകൾ നിലവിലുണ്ട്. |
| (ബി) ഈ കേസുകളിൽ ആരെയൊക്കെ ശിക്ഷിച്ചിട്ടുണ്ട്; | (ബി) ഈ കേസുകൾ ഇപ്പോൾ വിവിധ കോടതികളിൽ വിചാരണയിലും അന്വേഷണത്തിലുമാണ്. |
| (സി) കലാലയങ്ങളിലെ റാഗിംഗ് കർശനമായി തടയുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് ആഭ്യന്തര വകുപ്പ് ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുള്ളത് ; വിശദമാക്കുമോ ? | (സി) റാഗിംഗ് തടയുന്നതിന് 1998 ലെ കേരളാ പ്രൊഹിബിഷൻ ഓഫ് റാഗിംഗ് നിയമത്തിന്റെയും, ഇത് സംബന്ധിച്ച് ബഹു. ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള വിധികളുടെയും, നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ പ്രതികൾക്കെതിരെ നിയമ നടപടികളെടുക്കുന്നതിന് പോലീസിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. റാഗിംഗ് തടയുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും പരിഗണിച്ച് പോലീസ് നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 204

01.07.2008 ൽ മറുപടിയ്ക്ക്.

## ഇക്കോ ടൂറിസം

**ചോദ്യം**

ശ്രീ.ജോസഫ് എം.പുതുശ്ശേരി
ശ്രീ.റോഷി അഗസ്റ്റിൻ
ശ്രീ.തോമസ് ചാഴിക്കാടൻ

(എ). സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്;

**ഉത്തരം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ,
(ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പു മന്ത്രി)

(എ). സംസ്ഥാനത്ത് വിനോദസഞ്ചാര വകുപ്പിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കിയിട്ടുള്ളതും പൂർണ്ണമായി പ്രവർത്തനം ആരംഭിച്ചതുമായ ഇക്കോ ടൂറിസം പദ്ധതികളുള്ള സ്ഥലങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

**തിരുവനന്തപുരം ജില്ല**

1) കല്ലാർ
2) പൊന്മുടി
3) മങ്കയം
4) നെയ്യാർ
5) പേപ്പാറ

**കൊല്ലം ജില്ല**

1) തെന്മല
2) പാലരുവി
3) ശെന്തുരുണി

**പത്തനംതിട്ട ജില്ല**

1) കോന്നി

**കോട്ടയം ജില്ല**

1) ചെല്ലാർ കോവിൽ

**ഇടുക്കി ജില്ല**

1) തേക്കടി
2) മൂന്നാർ
3) ഇരവികുളം
4) ചിന്നാർ
5) തൊമ്മൻകുത്ത്

**തൃശ്ശൂർ ജില്ല**

1) ചിമ്മിണി

**പാലക്കാട് ജില്ല**

1) പറമ്പിക്കുളം

**കോഴിക്കോട് ജില്ല**

1) ജാനകിക്കാട്

**കണ്ണൂർ ജില്ല**

1) ആറളം

**ഭാഗികമായി പ്രവർത്തനം തുടങ്ങി വച്ചിട്ടുള്ള ഇക്കോ ടൂറിസം പദ്ധതികൾ**

**തിരുവനന്തപുരം**

1) അരിപ്പ

**പത്തനംതിട്ട**

1) ഗവി

**കോട്ടയം**

1) അഞ്ചുരുളി

**ഇടുക്കി**

1) ചീയപ്പാറ
2) മറയൂർ
3) കുളമാവ്

**എറണാകുളം**

1) പാണിയേലിപ്പോര്
2) തൃപ്പൂണിത്തുറ

**തൃശ്ശൂർ**

1) അതിരപ്പിള്ളി
2) വാഴച്ചാൽ

**പാലക്കാട്**

1) നെല്ലിയാമ്പതി
2) ചൂലന്നൂർ
3) തിരുവില്വാമല

**മലപ്പുറം**

1) കേരളകുണ്ട്
2) നെടുങ്കയം
3) ചൊക്കാട്ട്
4) റ്റി.കെ.കോളനി
5) ആഢ്യൻപാറ
6) നിലമ്പൂർ

**വയനാട്**

1) മുത്തങ്ങ
2) ചെമ്പ്ര
3) സൂചിപ്പാറ
4) മീൻമുട്ടി
5) തിരുനെല്ലി
6) പക്ഷിപാതാളം
7) കുറുവ
8) ബാണാസുര സാഗർ

**കോഴിക്കോട്**

1) പെരുവണ്ണാമുഴി
2) കക്കയം
3) തുഷാരഗിരി

**കണ്ണൂർ**

പൈതൽമല

**കാസർഗോഡ്**

റാണിപുരം

| | | |
|---|---|---|
| (ബി) | നടപ്പു സാമ്പത്തിക വർഷം ഇക്കോ ടൂറിസം പദ്ധതിയ്ക്കായി എത്ര തുക നീക്കിവച്ചിട്ടുണ്ട്; കേന്ദ്ര സഹായമായി എത്ര തുക ലഭിച്ചു; | നടപ്പു സാമ്പത്തിക വർഷം ഇക്കോ ടൂറിസം പദ്ധതിയ്ക്കായി 150 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. കേന്ദ്ര സഹായമായി സമർപ്പിച്ച പദ്ധതി പരിഗണിച്ചുവരുന്നതേയുള്ളൂ. |
| (സി) | പുതുതായി ഇക്കോ ടൂറിസം പദ്ധതി എവിടെയൊക്കെ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എറണാകുളം ജില്ലയിലെ മംഗളവനം, തട്ടേക്കാട് പക്ഷി സങ്കേതം, കണ്ണൂർ ജില്ലയിലെ ഇരിട്ടി, കൊല്ലം ജില്ലയിലെ മരുതി മല എന്നിവിടങ്ങളിൽ പുതുതായി ഇക്കോ ടൂറിസം പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. 2007-08 സാമ്പത്തികവർഷത്തിൽ ഭരണാനുമതി ലഭിച്ചതും ഈ വർഷം തുടക്കം കുറിക്കുന്നതുമായ പുതിയ പദ്ധതികളിൽ അഗസ്ത്യാർ വനം ബയോളജിക്കൽ പാർക്കിലെ ട്രെക്കിംഗ് സൗകര്യങ്ങൾ, മൂന്നാറിലെ ലക്കം വെള്ളച്ചാട്ടം, മൂന്നാർ ടോപ്പ് സ്റ്റേഷൻ റോഡരികിലുള്ള പ്രാഥമിക സൗകര്യ വികസനങ്ങൾ, പാമ്പാടും ചോലയിലെ ക്യാമ്പിംഗ്, ഇന്റർപ്രട്ടേഷൻ സൗകര്യങ്ങൾ, ചൂലന്നൂർ മയിൽ സങ്കേതത്തിന് ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ എന്നിവയും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. മരുതി മലയിൽ ഇക്കോ ടൂറിസം പദ്ധതി ആവിഷ്കരണം വെളിയം പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആയ തിനാൽ സ്ഥലം റവന്യൂവകുപ്പിൽ നിന്ന് പഞ്ചായത്തിനു ലഭിച്ചുകഴിഞ്ഞാൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി പഠനം നടത്തിയശേഷം നടപ്പാക്കുന്നതാണ്. വനം വകുപ്പിന്റെ നേതൃത്വത്തിൽ എറണാകുളം ജില്ലയിലെ മംഗളവനം, തട്ടേക്കാട് പക്ഷിസങ്കേതങ്ങൾക്കും, കണ്ണൂർ ജില്ലയിലെ ഇരിട്ടിയിലും തദ്ദേശവാസികളുടെയും വിദഗ്ദരുടെയും അഭിപ്രായം |

ആരാണത് രൂപകൽപ്പന നൽകിയ പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ച് നടപ്പാക്കുന്നതാണ്

ഡി) പ്രസ്തുത പദ്ധതിയ്ക്കായി തുക അനുവദിക്കുകയും എന്നാൽ ഇതുവരെ പ്രവർത്തനം ആരംഭിയ്ക്കാൻ കഴിയാത്തതുമായ കേന്ദ്രങ്ങൾ സംസ്ഥാനത്തുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഉണ്ട്. അഗസ്ത്യാർവനം ബയോളജിക്കൽ പാർക്കിലെ ട്രക്കിംഗ് സൗകര്യങ്ങൾ, മൂന്നാറിലെ ലക്കം വെള്ളച്ചാട്ടം, മൂന്നാർ ടോപ്പ് സ്റ്റേഷൻ റോഡരികിലുള്ള പ്രാഥമിക സൗകര്യ വികസനങ്ങൾ, ചൂലന്നൂർ മയിൽ സങ്കേതത്തിന് ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ എന്നിവ.

ഇ) ഇക്കോ ടൂറിസം പദ്ധതിയുടെ നടത്തിപ്പ് മോണിറ്റർ ചെയ്യുന്നതിന് സത്വരനടപടി സ്വീകരിക്കുമോ ?

ഇ) ഇക്കോ ടൂറിസം പദ്ധതികളുടെ നടത്തിപ്പ് മോണിറ്റർ ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.205 — 01.07.2008 ൽ മറുപടിയ്ക്ക്

## നെൽകൃഷിക്ക് പലിശരഹിത വായ്പ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ്ജ് എം. തോമസ് :<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി :<br>ശ്രീ.മുരളി പെരുനെല്ലി:<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ: | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ)നെൽകൃഷിക്ക് പലിശരഹിതവായ്പ നൽകുന്ന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) പരമ്പരാഗത നെൽകൃഷി മേഖലകളിൽ നെൽകൃഷി നിലനിർത്തുന്നതിന് കർഷകരെ സഹായിക്കുന്നതിനായി കൃഷി വകുപ്പ് നടപ്പാക്കി വരുന്ന വികസന പദ്ധതികളിലൊന്നാണ് 'നെൽകൃഷിക്ക് പലിശ രഹിത വായ്പാ പദ്ധതി'. ചെറുകിട-നാമമാത്ര കർഷകർക്ക് പലിശരഹിത വായ്പ ജില്ലാ ബാങ്കുകൾ മുഖേന വിതരണം ചെയ്യുകയും പ്രസ്തുത വായ്പയുടെ 4 ശതമാനം നിരക്കിലുള്ള പലിശ സബ്സിഡി ജില്ലാ സഹകരണ ബാങ്കുകൾക്ക് കൃഷി വകുപ്പിൽ നിന്നും അനുവദിയ്ക്കുകയും ചെയ്യുന്നതാണ്. |
| ബി)ഈ വർഷം പുതുതായി ഏതെല്ലാം ജില്ലകളിലാണ് പദ്ധതി നടപ്പാക്കുന്നത്; ഈ വർഷം എത്ര ലക്ഷം രൂപയാണ് വായ്പ നൽകുന്നത്; കഴിഞ്ഞ വർഷം എത്ര പേർക്ക് പലിശരഹിതവായ്പ വിതരണം ചെയ്തു; | ബി) കഴിഞ്ഞ വർഷം നടപ്പിലാക്കിയ പാലക്കാട് ജില്ലയ്ക്ക് പുറമേ കോൾ നിലങ്ങൾ ഉൾപ്പെടുന്ന തൃശ്ശൂർ, മലപ്പുറം ജില്ലകളിലും, കുട്ടനാടൻ പാടശേഖരങ്ങളുൾപ്പെടുന്ന ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലുമാണ് ഈ വർഷം പുതുതായി പദ്ധതി നടപ്പാക്കാൻ ലക്ഷ്യമിടുന്നത്. സഹകരണ ബാങ്കുകൾ മുഖേനയാണ് പലിശരഹിതവായ്പ വിതരണം ചെയ്യുന്നത്. നടപ്പു സാമ്പത്തിക വർഷത്തിൽ അർഹരായ കർഷകരിൽ നിന്നും അപേക്ഷ സ്വീകരിച്ച് സഹകരണ ബാങ്കുകൾ മുഖേനയാണ് വായ്പ നൽകുന്നത്. 2007-08 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയിലൂടെ പ്രാരംഭ ഘട്ടമെന്ന നിലയിൽ പാലക്കാട് ജില്ലയിൽ 5442 നെൽകർഷകർക്ക് 1534.921 ലക്ഷം രൂപ വിതരണം ചെയ്തു. |

| | |
|---|---|
| സി) നെൽകൃഷിക്ക് പുറമേ മറ്റുകൃഷികൾ ചെയ്യുന്നതിനും പലിശരഹിത വായ്പ അനുവദിക്കുമോ; | സി)നെൽകൃഷിയ്ക്ക് പാലക്കാട്, മലപ്പുറം ഉൾപ്പെടെ തൃശ്ശൂർ കോൾ മേഖല, സമഗ്രകുട്ടനാട് തുടങ്ങിയ കേരളത്തിലെ പ്രധാന നെൽ കൃഷി മേഖലകളിൽ പലിശരഹിത വായ്പയും സംസ്ഥാനത്തെ മറ്റ് പ്രദേശങ്ങളിൽ നെൽകൃഷിയ്ക്കും / സംസ്ഥാനത്തെവിടെയും പച്ചക്കറി കൃഷിയ്ക്കും 4% നിരക്കിൽ വായ്പ സഹകരണ ബാങ്കുകളിലൂടെ നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ഡി) പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുമോ? | ഡി) പാലക്കാട് , തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ ഉൾപ്പെടുന്ന കോൾ നിലങ്ങൾ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ ഉൾപ്പെടുന്ന കുട്ടനാട് പാടശേഖരങ്ങൾ എന്നീ മേഖലകളിലെ നെൽകർഷകർക്കായാണ് പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്നത്. മറ്റു ജില്ലകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നതിനുള്ള നിർദ്ദേശം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 206

01.07.2008-ലെ മറുപടിയ്ക്ക്

## 'നീര' ഉത്പാദിപ്പിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം<br>ശ്രീ. എം.കെ. പുരുഷോത്തമൻ<br>ശ്രീ. സാജു പോൾ<br>പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ലഹരിവിമുക്ത കേരപാനീയമായ 'നീര' വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;<br><br>ബി) 'നീര' ഉത്പാദനം കേരകർഷകർക്ക് എത്രമാത്രം പ്രയോജനപ്പെടുമെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) & (ബി)<br><br>നടപടികൾ സ്വീകരിച്ചുവരികയാണ്. കേര കർഷകർക്ക് ലഭിക്കുന്ന പ്രയോജനം സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ട്. ഒരു തെങ്ങിൽ നിന്ന് നീര ഉല്പാദനത്തിലൂടെ പ്രതിവർഷം 4000 രൂപ വരുമാനം കിട്ടുമെന്ന് കാർഷിക സർവ്വകലാശാലയുടെ ഗവേഷണ ഫലങ്ങൾ തെളിയിക്കുന്നു. |
| സി) 'നീര' വിപണനം നടത്തുന്നതിന് എക്സൈസ് നിയമം ഭേദഗതി ചെയ്യേണ്ടതുണ്ടോ; | സി) ഉണ്ട്. പ്രസ്തുത ആരോഗ്യപാനീയം ഉല്പാദിപ്പിക്കുന്ന വ്യവസായ സംരംഭകരെ എക്സൈസ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കണമെന്ന് എക്സൈസ് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| ഡി) 'നീര' വിപണിയിലെത്തിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | ഡി) നീര ഉല്പാദിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യ കാർഷിക സർവ്വകലാശാല സർക്കാരിന് കൈമാറുന്ന മുറയ്ക്ക് വിപണിയിലെത്തിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 207.        01/07/2008-ല്‍ മറുപടിക്ക്

## നാളികേര വികസന പദ്ധതികള്‍

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.എ. വാഹിദ് : | ശ്രീ. മുല്ലക്കര രത്നാകരന്‍<br>( കൃഷി വകുപ്പു മന്ത്രി) |
| എ) നാളികേര വര്‍ഷമായി ആചരിക്കുന്ന ഈ വര്‍ഷം നാളികേര വികസനത്തിനായി എന്തൊക്കെ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; | എ) നാളികേരത്തിന്റെ ഉത്പാദനവും ഉത്പാദനക്ഷമതയും വര്‍ദ്ധിപ്പിക്കുന്നതിനായി കേരശ്രീ എന്ന ഒരു സമഗ്ര നാളികേര വികസന പദ്ധതി 2007-08 മുതല്‍ നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം വാര്‍ഡ് തലത്തില്‍ 25-50 ഹെക്ടര്‍ സ്ഥലത്തായി കേര ഗ്രൂപ്പുകള്‍ രൂപീകരിച്ചാണ് കേര വികസന പ്രവര്‍ത്തനങ്ങള്‍ നടപ്പില്‍ വരുത്തുന്നത്. നാളികേരത്തിന്റെ ഉത്പാദനക്ഷമത വര്‍ദ്ധിപ്പിക്കുന്നതിനും, തെങ്ങിന്‍ തോട്ടങ്ങളിലെ മെച്ചപ്പെട്ട കാര്‍ഷിക പരിപാലനം സംയോജിത വള പ്രയോഗത്തിനും ഗുണമേന്‍മയുള്ള തെങ്ങിന്‍ തൈകള്‍ നടുന്നതിനും, ജലസേചന സൗകര്യങ്ങള്‍ ഏര്‍പ്പെടുത്തുന്നതിനും, ജൈവവള വിത്ത് വിതരണത്തിനും, ജൈവ കീട നിയന്ത്രണം, ഇടവിളയായി പച്ചക്കറി, വാഴ മുതലായവ കൃഷി ചെയ്യുന്നതിനുമായി ഒരു ഹെക്ടറിന് 5000 രൂപാ നിരക്കില്‍ ധനസഹായം നല്‍കുന്നതാണ്.<br><br>കേരശ്രീ പദ്ധതി 2008-09 വര്‍ഷം കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എറണാകുളം എന്നീ ജില്ലകളില്‍ നടപ്പിലാക്കി വരുന്നു. 2007-08 വര്‍ഷം ഈ ജില്ലകളില്‍ രൂപീകരിച്ച 724 കേരശ്രീ ക്ലസ്റ്ററുകളില്‍ ഈ വര്‍ഷവും ഹെക്ടറിന് 5000 രൂപ എന്ന കണക്കില്‍ ധനസഹായം നല്‍കുന്നതാണ്. കൂടാതെ 2008-09 വര്‍ഷം പുതിയതായി രൂപീകരി |

ക്കുന്ന 230 കേരശ്രീ ക്ലസ്റ്ററുകൾ ഉൾപ്പെടെ മൊത്തം 1192.5 ലക്ഷം രൂപ കേരശ്രീ പദ്ധതിക്കായി ചെലവഴിക്കുന്നതാണ്.

"തെങ്ങ് കൃഷിയിടങ്ങളിലെ സംയോജിത കൃഷി രീതികൾ "എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നാളികേര വികസന ബോർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം പ്രദർശന ത്തോട്ടങ്ങളുടെ 2-ാം വർഷ ധനസഹായം ഹെക്ടറിന് 17500/-രൂപാ നിരക്കിൽ നൽകുന്നതാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നു.കൂടാതെ തെങ്ങിൻതൈ ഉൽപാദനത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതി(60 %) യായ റീജിയണൽ കോക്കനട്ട് നഴ്സറിയും, റ്റി X ഡി സങ്കരയിനം തെങ്ങിൻ തൈകളുടെ ഉൽപാദനവും വിതരണവും നടപ്പിലാക്കുന്നതാണ്. കൂമ്പുചീയൽ നിയന്ത്രണത്തിനായി രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം 33000 തെങ്ങുകൾ വെട്ടിമാറ്റിയിട്ടുണ്ട്. 135 ലക്ഷം രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്.

നാളികേര വർഷാചരണത്തിന്റെ ഭാഗമായി സെപ്റ്റംബർ 2-ാം തീയതി മുതൽ 6-ാം തീയതി വരെ കോഴിക്കോട് വച്ച് കൃഷി വകുപ്പ്, ആത്മ,നാളികേര വികസന ബോർഡ്, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, കാർഷിക സർവ്വകലാശാല ഐ.സി.എ.ആർ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സംയുക്താഭിമുഖ്യത്തിൽ വിപുലമായ പ്രദർശനം, സെമിനാറുകൾ എന്നിവയും സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

| | |
|---|---|
| ബി) ഇതിനായി ഹോർട്ടികൾച്ചർ മിഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; | ബി) ഹോർട്ടികൾച്ചർ മിഷൻ വഴി നാളികേര വികസനത്തിനായി പദ്ധതികളൊന്നും തന്നെ നടപ്പിലാക്കുന്നില്ല. |

| | | | |
|---|---|---|---|
| സി) | ഇതിനായി എത്ര കോടി രൂപ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്.? | സി) | നാളികേര വികസനത്തിനായി ഈ വർഷം കേരശ്രീ പദ്ധതി പ്രകാരം 11.925 കോടി രൂപയും, നാളികേര വികസന ബോർഡ് പദ്ധതിയായ തെങ്ങ് കൃഷിയിടങ്ങളിലെ സംയോജിത കൃഷി രീതികൾ പ്രകാരം 5.40925 കോടി രൂപയും ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്. (മൊത്തം 17.3342 കോടി രൂപ). |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ :208

1-7-2008-ൽ മറുപടിയ്ക്ക്

## വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.കെ ഇബ്രാഹിം കുഞ്ഞ് : | ശ്രീ.കോടിയേരി ബാലകൃഷ്ണൻ (ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| (എ) വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് ടൂറിസം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | (എ) വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുള്ള പരസ്യ പ്രചാരണ പ്രവർത്തനത്തിൻെറ ഭാഗമായി ടൂറിസം വകുപ്പ് എല്ലാ വർഷവും നിരവധി അന്തർദ്ദേശീയ മേളകളിൽ പങ്കെടുക്കുന്നുണ്ട്. ഈ മേളകൾ കൂടാതെ സ്വദേശത്തും വിദേശത്തുമായി നിരവധി റോഡ് ഷോകൾ, കേരളത്തിൽ കേരള ട്രാവൽ മാർട്ട്, മലബാർ ട്രാവൽ മാർട്ട് എന്നീ മേളകളും സംഘടിപ്പിക്കുന്നുണ്ട്. ഈ മേളകളിലെല്ലാം പരസ്യചിത്രം പ്രദർശിപ്പിക്കുകയും പരസ്യ ചിത്രങ്ങൾ സി.ഡി.യിലാക്കി വിതരണം നടത്തുകയും ചെയ്യുന്നു. പരസ്യ ചിത്രങ്ങളോടൊപ്പം, ആയുർവേദം, കായൽ ടൂറിസം, ഹിൽ സ്റ്റേഷൻ തുടങ്ങിയ കേരളത്തിൻെറ തനതു ഉല്പന്നങ്ങളെ പരിചയപ്പെടുത്തികൊണ്ട് അഞ്ച് ലഘു ചിത്രങ്ങളും നിർമ്മിച്ചിട്ടുണ്ട്. വിദേശികളെ കേരളത്തിലേക്ക് കൂടുതൽ ആകർഷിക്കുന്നതിനായി മെഡി |

...കൽ ടൂറിസം, മൺസൂൺ ടൂറിസം, ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ എന്നീ പദ്ധതികൾക്കും തുടക്കം കുറിച്ചിട്ടുണ്ട്

(ബി) ഇതുമൂലം ഈ വർഷം ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ;

(ബി) 2007 വർഷം കേരളം സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 2006 വർഷത്തെ അപേക്ഷിച്ച് 20.37 ശതമാനം വർദ്ധന രേഖപ്പെടുത്തുന്നു.

(സി) വിദേശ ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട താമസസൗകര്യം ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;

(സി) വിദേശ ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട താമസ സൗകര്യം ഒരുക്കുന്നതിനായി നിലവിൽ താഴെപ്പറയുന്ന സൗകര്യങ്ങൾ ലഭ്യമാണ്.

| | |
|---|---|
| ആകെ ക്ലാസ്സിഫൈഡ് ഹോട്ടൽ മുറികൾ | - 8800 |
| 5 സ്റ്റാർ ഡീലക്സ്, 5 സ്റ്റാർ, 4 സ്റ്റാർ | - 2000 |
| 1, 2, 3 സ്റ്റാറുകളിലെ മുറികൾ | - 6500 |
| ഹെറിറ്റേജ് | - 300 |

കൂടാതെ കെ.ടി.ഡി.സി.യുടെ ഉടമസ്ഥതയിൽ ഏകദേശം 700 മുറികളും ടൂറിസം വകുപ്പിന്റെ കീഴിലുള്ള ഗസ്റ്റ് ഹൗസുകളിലും യാത്രീ നിവാസുകളിലുമായി ഏകദേശം 390 മുറികളുമുണ്ട്. നിലവിലുള്ളവ കൂടാതെ 65 ഓളം പുതിയ ത്രീ സ്റ്റാർ ഹോട്ടൽ പ്രോജക്ടുകൾക്ക് കേന്ദ്ര ടൂറിസം മന്ത്രാലയം അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ വിദേശ

| | | | |
|---|---|---|---|
| | | | വിനോദ സഞ്ചാരികളെ കൂടി ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്ത് ഹോംസ്റ്റേ പദ്ധതിക്കും തുടക്കം കുറിച്ചിട്ടുണ്ട്. |
| (ഡി) | ഈ വർഷം വിദേശ ടൂറിസ്റ്റുകളിൽ നിന്നുള്ള വരുമാനത്തിൽ എന്തു വർദ്ധനയുണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ? | (ഡി) | 2007 വർഷം വിദേശ ടൂറിസ്റ്റുകളിൽ നിന്നുള്ള വരുമാനത്തിൽ 2006 നെ അപേക്ഷിച്ച് 32.82 ശതമാനം വർദ്ധനയുണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.209 — 01.07.2008 ൽ മറുപടിയ്ക്ക്

## കേരളശ്രീ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാഴിക്കാടൻ:<br>ശ്രീ.ജോസഫ് എം. പുതുശ്ശേരി:<br>ശ്രീ.റോഷി അഗസ്റ്റിൻ : | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) 'കേരളശ്രീ പദ്ധതി' പ്രകാരം നെല്ലുൽപ്പാദനം, നെൽകൃഷി വ്യാപനം, സംരക്ഷണം, പുനരുദ്ധാരണം എന്നീ മേഖലകളിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; ഇതിനായി എന്തുതുക ചെലവഴിച്ചു; | (എ) നെല്ലിന്റെ ഉൽപാദനം, നെൽകൃഷി വ്യാപനം, സംരക്ഷണം, പുനരുദ്ധാരണം എന്നീ മേഖലകളിൽ കേന്ദ്രീകരിച്ച് സമഗ്ര നെൽകൃഷി വികസന പദ്ധതിയായ 'കേരളശ്രീ' പദ്ധതി 2007-08 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. 3563.69864 ലക്ഷം രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്. |
| ബി) നടപ്പു സാമ്പത്തിക വർഷം എത്ര തുക ഇതിലേയ്ക്കായി നീക്കി വച്ചു; | ബി) 2620 ലക്ഷം രൂപാ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പാക്കുന്നതിനായി 188.85 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. നെൽകർഷകർക്ക് ഉൽപാദന ബോണസ്സ് നൽകുന്നതിന് 1055.2 ലക്ഷം രൂപയും നെല്ലിന് താങ്ങുവില നൽകുന്നതിന് 2000 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |
| സി) നെൽകർഷകർക്ക് ഈ പദ്ധതിപ്രകാരം എന്തൊക്കെ പ്രോത്സാഹനങ്ങളാണ് നൽകുവാൻ ഉദ്ദേശിക്കുന്നത്;<br><br>ഡി) നെൽകൃഷി മേഖല ആകർഷകമാക്കി സജീവ തൊഴിലാളി പങ്കാളിത്തം ഉറപ്പാക്കുവാൻ എന്തൊക്കെ നടപടികളാണ് ലക്ഷ്യമിടുന്നത്? | സി & ഡി) പാടശേഖരാടിസ്ഥാനത്തിൽ കൂട്ടായ കൃഷിപ്പണികളിലൂടെ ഉൽപ്പാദനചെലവ് ഗണ്യമായി കുറയ്ക്കുന്ന ഗ്രൂപ്പ് ഫാമിംഗ് പദ്ധതി നടപ്പിലാക്കുന്നതിന് ഹെക്ടറിന് 1500 രൂപ ധനസഹായമായി നൽകുന്നു. തരിശിട്ടിരിക്കുന്ന നെൽപ്പാടങ്ങൾ വീണ്ടും കൃഷിയ്ക്കുപയുക്തമാക്കുന്നതിന് തരിശ് ഭൂമി കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 5000 രൂപ ധനസഹായമായി നൽകുന്നു.<br><br>നെൽപ്പാടങ്ങളിലെ അധികവിള ഉൽപ്പാദനത്തിന് ഹെക്ടറിന് 2500 രൂപയും ചെറുകിട സംസ്കരണ വിപണന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് യൂണിറ്റ് ഒന്നിന് 25,000 രൂപയും സാമ്പത്തികസഹായമായി നൽകുന്നതിന് ലക്ഷ്യമിടുന്നു. കേന്ദ്രസർക്കാർ |

അനുമതിക്കുവിധേയമായി കേന്ദ്രപദ്ധതിയിൽ വിത്തുൽപാദന പദ്ധതിയ്ക്കായി ഹെക്ടറിന് 4000 രൂപയും പ്രദർശനതോട്ടങ്ങൾ സജ്ജമാക്കുന്നതിന് ഹെക്ടറിന് 5000 രൂപയും നൽകുന്നു നൂതന വിത്തിനങ്ങളുടെ പ്രചരണത്തിനായുള്ള മിനിക്കിറ്റ് പദ്ധതിയിൽ വിത്ത് സൗജന്യമായി നൽകുന്നു. പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് സാമ്പത്തികസഹായം നൽകുവാനും ലക്ഷ്യമിടുന്നു. പ്രശ്നബാധിത നെൽകൃഷി മേഖലയിൽ കർഷകർക്ക് വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നെൽകൃഷി വികസന ഏജൻസികൾക്ക് ധനസഹായം നൽകി നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നു.. നെൽകർഷകർക്ക് ഭൂപരിധിയില്ലാതെ സൗജന്യനിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്ന പദ്ധതിയും ഹെക്ടർ ഒന്നിന് ഒരു സീസണിൽ 350 രൂപ ഉൽപ്പാദന ബോണസ് നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നു. പാലക്കാട്, മലപ്പുറം, തൃശ്ശൂർ ജില്ലകളിലുൾപ്പെട്ട കോൾനിലങ്ങൾ, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ വ്യാപിച്ചുകിടക്കുന്ന കുട്ടനാടൻ പ്രദേശങ്ങൾ എന്നിവയിൽ ഉൾപ്പെട്ട നെൽകർഷകർക്ക് പലിശരഹിത വായ്പ നൽകുന്ന പദ്ധതിയും, സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന നെല്ലുസംഭരണ പദ്ധതിയും, ഹെക്ടറിന് 12500 രൂപവരെ നൽകുന്ന വിളഇൻഷ്വറൻസ് പദ്ധതിയും വഴി നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ദേശീയഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ പാലക്കാട് ജില്ല കേന്ദ്രീകരിച്ച് നെൽകൃഷി വകസന പരിപാടികൾ നടപ്പാക്കുന്നതിനായി 188.85 ലക്ഷം രൂപയുടെ പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിച്ചു വരുന്നു

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 210

01.07.2008-ലെ മറുപടിയ്ക്ക്

## ഡോ. സ്വാമിനാഥൻ തയ്യാറാക്കിയ കുട്ടനാട് പാക്കേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എം. മാണി | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം അനുസരിച്ച് ഡോ. സ്വാമിനാഥൻ തയ്യാറാക്കിയ കുട്ടനാട് പാക്കേജിൽ എത്ര രൂപയുടെ പദ്ധതിയാണുള്ളത്; | എ) കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം അനുസരിച്ച് ഡോ. സ്വാമിനാഥൻ തയ്യാറാക്കിയ കുട്ടനാട് പാക്കേജിൽ 1839.75 കോടി രൂപയുള്ള പദ്ധതികളാണ് ശുപാർശ ചെയ്തിട്ടുള്ളത്. |
| ബി) ഈ പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് സംസ്ഥാന സർക്കാർ ചെയ്യേണ്ടത്; | ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒരു കർമ്മ പദ്ധതി തയ്യാറാക്കി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി അയച്ചിട്ടുണ്ട്. പ്രസ്തുത കർമ്മ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം പ്രതീക്ഷിക്കുന്നു. കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമായാലുടൻ പദ്ധതി നടപ്പിലാക്കാൻ കഴിയും. പദ്ധതിയ്ക്ക് അംഗീകാരം ലഭിക്കാൻ സമ്മർദ്ദം ചെലുത്തി വരികയാണ്. |
| സി) ഈ പദ്ധതിക്ക് വേണ്ടി ചെലവാക്കേണ്ട തുകയുടെ അക്കൗണ്ടബിലിറ്റിയ്ക്ക് വേണ്ടി മുഖ്യമന്ത്രി ചെയർമാനായി ഒരു സ്റ്റാറ്റ്യൂട്ടറി കമ്മിറ്റി രൂപീകരിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; | സി) കുട്ടനാട് പദ്ധതിയുടെ കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന മുഖ്യമന്ത്രി ചെയർമാനായി ഒരു കുട്ടനാട് പ്രോസ്പരിറ്റി കൗൺസിലിന് (Kuttanad Prosperity Council) രൂപം നൽകാൻ പാക്കേജിൽ ശുപാർശ ചെയ്തിട്ടുണ്ട്. |

| | |
|---|---|
| ഡി) കുട്ടനാട് പാക്കേജിൽ ഘട്ടംഘട്ടമായി ചെയ്യേണ്ട ജോലികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | ഡി) ഘട്ടംഘട്ടമായി ചെയ്യേണ്ട ജോലികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഇ) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ സ്റ്റാറ്റ്യൂട്ടറി അതോറിറ്റി നാളിതുവരെ രൂപീകരിക്കാത്തതു കൊണ്ട് സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര സഹായം കിട്ടുന്നതിൽ കാല താമസം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? | ഇ) ഡോ. സ്വാമിനാഥൻ തയ്യാറാക്കിയ കുട്ടനാട് പാക്കേജിന് കേന്ദ്രാനുമതി ലഭിക്കുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ട്. കമ്മീഷൻ നിർദ്ദേശ പ്രകാരമുള്ള കുട്ടനാട് പ്രോസ്പരിറ്റി കൗൺസിലിന് രൂപം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| എ | പരിസ്ഥിതി സംരക്ഷണം മെച്ചപ്പെടുത്തൽ | കോടി രൂപ |
|---|---|---|
| 1 | ഓരു വെള്ളം കയറുന്നതു തടയുന്നതിനും വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനും | 299.5 |
| 2 | പരിസ്ഥിതി മലിനീകരണ നിയന്ത്രണം | 2.5 |
| 3 | കള നിയന്ത്രണം | 30.00 |
| 4 | ജൈവ വൈവിദ്ധീകരണം ത്വരിതപ്പെടുത്തുക | 1.00 |
| 5 | ആരോഗ്യം, ശുചിത്വം മെച്ചപ്പെടുത്തൽ | 2.50 |
| ബി | **ജീവന മാർഗ്ഗ സുരക്ഷിതത്വവും മെച്ചപ്പെടുത്തലും** | |
| I | **കാർഷികാധിഷ്ടിത ജീവനമാർഗ്ഗം** | |
| 1 | കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയായി പ്രഖ്യാപിക്കുക | 15.00 |
| 2 | നെൽകൃഷിയ്ക്ക് അടിസ്ഥാന സൗകര്യം നൽകുക | 1315.60 |
| 3 | ക്രോപ്പ് കലണ്ടർ തയ്യാറാക്കുക | 7.9 |
| 4 | ഗവേഷണവും വിജ്ഞാന വ്യാപനവും ഊർജ്ജപ്പെടുത്തുക | 13.38 |
| 5 | കാർഷിക സാമ്പത്തിക സാദ്ധ്യത മെച്ചപ്പെടുത്തുക | 55.85 |
| 6 | കേരാധിഷ്ഠിത വ്യവസായ സംരംഭങ്ങളും സംയോജിത വികസനവും | 93.75 |
| II | **മത്സ്യാധിഷ്ഠിത ജീവന മാർഗ്ഗം** | |
| 1. | വേമ്പനാട് കായലിലെ മത്സ്യ സമ്പത്തിന്റെ ഉന്നമനം | 1.65 |
| 2. | അടിസ്ഥാന സൗകര്യ വികസനവും മത്സ്യതൊഴിലാളിക്ഷേമവും | 0.62 |
| III | **ടൂറിസം വികസനത്തിനായുള്ള അടിസ്ഥാന സൗകര്യ വികസനം** | 0.50 |
| | | 1839.75 |